മി. സ്പീക്കർ: ഓർഡർ............ഓർഡർ.......... *31-ാം നമ്പർ ചോദ്യവുമായി *43,*45 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രതിപക്ഷനേതാവും ഇക്കാര്യം പ്രത്യേകമായി അഭ്യർത്ഥിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ക്ലബ്ബിംഗ് അനുവദിക്കുന്നു.

കിഫ്ബി മസാല ബോണ്ട്

(*31) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപം സമാഹരിക്കുന്നതിന് കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഓരോ സ്ഥാപനവും എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ട്;

(ബി) ഇന്ത്യയിലെ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പയെടുക്കുന്നതിന് ഏറ്റവും കുറഞ്ഞ പലിശ നിരക്ക് എത്രയാണെന്നാണ്

സർക്കാരും കിഫ്ബിയും കണ്ടെത്തിയിരുന്നത്;

(സി) ഇന്ത്യയിലെ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പയെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കുറഞ്ഞ പലിശ നിരക്കാണ് മസാല ബോണ്ട് സമാഹരിക്കുമ്പോൾ നൽകേണ്ടിവരുന്നതെന്ന് ഏതെങ്കിലും അംഗീകൃത ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർന്ന പലിശ നിരക്കിൽ കടമെടുക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

(ഡി) മസാല ബോണ്ട് വഴി ആകെ എത്ര രൂപയാണ് കടമെടുക്കുന്നത്; തിരിച്ചടവ് കാലാവധി കഴിയുമ്പോൾ ആകെ എത്ര രൂപയാണ് തിരിച്ചടയ്ക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : സർ,

(എ) മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും ആർ.ബി.ഐ. നിഷ്കർഷിക്കുന്ന കെ.വൈ.സി. മാനദണ്ഡം

പാലിച്ചുവന്നവരാണ്. അസറ്റ് മാനേജർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാദ്ധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

(ബി&സി) എല്ലാ മെഗാ പ്രോജക്റ്റുകൾക്കും ഇത്തരത്തിൽ സമ്മിശ്രമായ നിരക്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് പണം കണ്ടെത്തേണ്ടിവരും. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ കെ.എഫ്.ഡബ്ല്യൂ. പോലുള്ള ഏജൻസികളിൽ നിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ കടമെടുത്തശേഷം കൂടുതൽ പണം ആവശ്യമായി വരുന്ന ഘട്ടത്തിൽ കാനറാ ബാങ്കിൽ 10.56% നിരക്കിലും എറണാകുളം ഡിസ്ട്രിക്റ്റ് കോ- ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 9.6% ഉയർന്ന

നിരക്കിലും കടമെടുക്കേണ്ടി വന്നിട്ടുണ്ട്.

അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടിവരും.

ആഭ്യന്തര ബോണ്ട് വഴി ധന സമാഹരണത്തിന് ശ്രമം നടത്തിയിരുന്നു. എന്നാൽ റീ-ടെൻഡറിന് ശേഷവും ഉയർന്ന പലിശ നിരക്ക് (10.20%-10.25%) കാരണം ഇത് ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഇതേ റേറ്റിംഗ് ഉള്ള മറ്റ് ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ (കുറഞ്ഞത് 200 കോടിയും 5 വർഷം

കാലയളവുമുള്ള) നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഈ ബോണ്ടുകൾ എല്ലാംതന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്.

KIIF- ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശ നിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരമാവധി ലഭ്യമാക്കാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്.

മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50000 കോടി മുതൽ മുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ്

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്താരാഷ്ട്ര ബോണ്ട് വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ച് തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ.-ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ മസാല ബോണ്ടിന്റെ പലിശ നിരക്ക് കാലാവധി പൂർത്തീകരിക്കുന്നതുവരെയും സ്ഥിരമാണ്. കിഫ്ബി ഇപ്പോൾ പുറപ്പെടുവിച്ച മസാല ബോണ്ടിന്റെ കാലാവധി 5 വർഷമാണ്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ദ്ധരും അടങ്ങുന്ന KIIF- ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും, 9.723% എന്ന പലിശ നിരക്ക് ന്യായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. 31-03-2019 -ന് മുമ്പ് ഈ ഇടപാട് നടത്തിയതുവഴി കേന്ദ്ര

സർക്കാർ പ്രഖ്യാപിച്ചിരുന്ന 0.5% വിത്ത്ഹോൾഡിങ് നികുതിയുടെ ഇളവും കിഫ്ബിക്ക് നേടാനായി.

(ഡി) മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്.

കിഫ്ബിയുടെ മസാല ബോണ്ട്

* 43 ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി ഇറക്കിയ മസാല ബോണ്ട് സി.ഡി.പി.ക്യൂ. എന്ന കമ്പനിയാണോ വാങ്ങിയത്;

(ബി) കാനഡയിലെ ക്യൂബക് പ്രവിശ്യയിൽ മാത്രമായി പ്രസ്തുത ബോണ്ട് പ്രൈവറ്റ് പ്ലെയ്സ്മെന്റ് നടത്തിയ വേളയിലാണോ സി.ഡി.പി.ക്യൂ. അവ

വാങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) സി.ഡി.പി.ക്യൂ.-വിന് എത്ര ശതമാനം പലിശയാണ് ഈ ബോണ്ടുകൾക്ക് നൽകേണ്ടത്;

(ഡി) ബോണ്ടിന്റെ തിരിച്ചടവ് കാലാവധി എത്രയാണ്; കാലാവധി പൂർത്തിയാക്കുമ്പോൾ പലിശയും മുതലും ഉൾപ്പെടെ എത്ര കോടി രൂപ നൽകേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഇ) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുടെ ഇരുപത് ശതമാനം ഓഹരികൾ കൈവശമുള്ള കമ്പനിയാണ് സി.ഡി.പി.ക്യൂ. എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി പ്രതിനിധികളെ കേരളം പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ കമ്പനിയുമായി അടുത്ത ബന്ധമുള്ള സി.ഡി.പി.ക്യൂ.-വുമായി ഇടപാട് നടത്തിയത് ശരിയായ നടപടിയാണെന്ന് വിലയിരുത്തുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 16 സ്ഥാപനങ്ങളാണ് കിഫ്ബി-യുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യൂ. എന്ന സ്ഥാപനം അതിൽ ഒരു പ്രധാന നിക്ഷേപകരാണ്.

(ബി) കിഫ്ബി-യുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ്, യു.എ.ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയശേഷം പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ

കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലെയ്സ്മെന്റ് അല്ല.

(സി & ഡി) കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്ക് 9.723 ശതമാനമാണ്. എല്ലാ നിക്ഷേപകർക്കും ഈ നിരക്ക് ബാധകമാണ്. 5 വർഷമാണ് പ്രസ്തുത മസാല ബോണ്ടിന്റെ തിരിച്ചടവ് കാലാവധി. ഇതുവഴി നാളിതുവരെ 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. തിരിച്ചടവ് കാലാവധി കഴിയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടിവരും.

(ഇ & എഫ്) പ്രധാനമായും സർക്കാർ-അർദ്ധസർക്കാർ പെൻഷൻ

ഫണ്ടുകളും ഇൻഷ്വറൻസ് ഉൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് സി.ഡി.പി.ക്യു. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31 -ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്ത് രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി സി.ഡി.പി.ക്യു.- വിന് എസ്.എൻ.സി. ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31 -ലെ കണക്കുപ്രകാരം എസ്.എൻ.സി. ലാവ്‌ലിനിന്റെ 19.9 ശതമാനം ഓഹരി സി.ഡി.പി.ക്യു.- വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം ഒരു കമ്പനിയുടെ താൽപ്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എൻ.എൻ.സി. ലാവ്‌ലിനിൽ സി.ഡി.പി.ക്യു.-വിനുള്ള നിക്ഷേപം. സി.ഡി.പി.ക്യു. അവരുടെ 22000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ)

പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ട് നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്‌ലിൻ.

യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവൺമെന്റോ അയോഗ്യത കൽപ്പിക്കുംവരെ CDPQ-വിന് ഏത് കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി, അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ CDPQ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ട് അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്ത് നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു.

ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ത്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ /പീറ്റർകൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനിൽക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നുമാത്രം ബൊംബാർഡിയർ, സി.ജി.ഐ., എസ്.എൻ.സി. ലാവ്‌ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നിൽക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്.

മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ

*45 ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വാങ്ങുവാൻ ആങ്കർ ഇൻവെസ്റ്ററായി കനേഡിയൻ കമ്പനിയായ സി.ഡി.പി.ക്യൂ.- യെ

തെരഞ്ഞെടുത്തിരുന്നോ;

(ബി) ഉണ്ടെങ്കിൽ എസ്.എൻ.സി. ലാവലിൻ കമ്പനിയുടെ ഏറ്റവും വലിയ ഷെയർ ഹോൾഡറായ പ്രസ്തുത കമ്പനിയെ ആങ്കർ ഇൻവെസ്റ്ററായി തെരഞ്ഞെടുക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബിയുടെ മസാല ബോണ്ടുകൾ കനേഡിയൻ പ്രവിശ്യയായ ക്യൂബക്കിൽ പ്രൈവറ്റായി പ്ലെയ്സ്മെന്റ് ചെയ്തപ്പോൾ ഏതൊക്കെ കനേഡിയൻ കമ്പനികളാണ് ബോണ്ടുകൾ വാങ്ങിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സി.ഡി.പി.ക്യൂ. എന്ന കനേഡിയൻ കമ്പനി പെൻഷൻ ഫണ്ട് കമ്പനി മാത്രമല്ല മറിച്ച് അടിസ്ഥാനസൗകര്യം, റിയൽ എസ്റ്റേറ്റ്, പ്രൈവറ്റ് ഇക്വിറ്റി തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്ന കമ്പനിയാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) അസറ്റ് മാനേജർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്,

ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യൂ. എന്ന സ്ഥാപനം അതിൽ ഒരു പ്രധാന നിക്ഷേപകൻ മാത്രമാണ്. സി.ഡി.പി.ക്യൂ.- വിനെ ആങ്കർ ഇൻവെസ്റ്റർ ആയി കിഫ്ബി തിരഞ്ഞെടുത്തിട്ടില്ല.

കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ- വിന് SNC ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31 ലെ കണക്കുപ്രകാരം SNC ലാവ്‌ലിനിന്റെ 19.9% ഓഹരി CDPQ -വിന്റെ കൈവശമുണ്ട്.

ക്യൂബെക് സെക്യൂരിറ്റീസ് നിയമം പ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻ.സി. ലാവ്‌ലിനിൽ CDPQ- വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ട് നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്‌ലിൻ.

(സി) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം ആണ് പ്രോസ്പെക്ട്സ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിങ് സർക്കുലർ

പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യുബക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല.

മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബി-യുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യു. എന്ന സ്ഥാപനം കിഫ്ബിയുടെ മസാല ബോണ്ടിൽ ഒരു പ്രധാന നിക്ഷേപകരാണ്.

(ഡി) പ്രധാനമായും സർക്കാർ-അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും

ഇൻഷുറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കു പ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ -വിന് SNC ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം SNC ലാവ്‌ലിനിന്റെ 19.9% ഓഹരി CDPQ -വിന്റെ കൈവശമുണ്ട്.

യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവൺമെന്റോ അയോഗ്യത കല്പിക്കും വരെ CDPQ -വിന് ഏതു കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട്

കമ്പനികളിലൊന്നായ CDPQ ഒരു കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ട് അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്തു നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് പൊതു സ്രോതസ്സുകളിൽ നിന്ന് അറിയുവാൻ കഴിയും.

ബ്രിട്ടണിലെ ഹീത്രു വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റയിവെസന്റ് ടൗൺ/പീറ്റർകൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനില്ക്കുന്ന ക്യൂബെക് എന്ന കാനഡ

പ്രവിശ്യയിൽ നിന്നുമാത്രം ബൊംബാർഡിയർ, സിജിഐ, എസ്.എൻ.സി. ലാവ്‌ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്. അടിസ്ഥാനപരമായി സി.ഡി.പി.ക്യു. ഒരു പെൻഷൻ കമ്പനിയാണ്. അതിൽ നിന്ന് ലഭിക്കുന്ന തുക ബോണ്ട്, പ്രൈവറ്റ് ഇക്വിറ്റി റിയൽ എസ്റ്റേറ്റ് എന്നീ മേഖലകളിൽ നിക്ഷേപിക്കാറുണ്ട്. അതിന്റെ ഭാഗമായി വ്യാവസായിക കെട്ടിടങ്ങളും അവർക്കുണ്ട്. എന്നാൽ ഉൽപാദന – നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുന്നതായി അറിവില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപയോളം സ്വരൂപിച്ചിരിക്കുന്നുവെന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. തിരിച്ചടവ് കാലാവധിയായ അഞ്ച് വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലുമുൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. പലിശനിരക്ക് 9.723. ഈ തിരിച്ചടവ് വൈകിയാൽ എത്ര ശതമാനം പീനൽ ഇന്ററസ്റ്റ് നൽകേണ്ടിവരും. ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇന്നത്തെ നിലയിൽ അത് തിരിച്ചടയ്ക്കാൻ വളരെ പ്രയാസമുണ്ടാകുമെന്ന് എനിക്കറിയാം.

എന്തൊക്കെ പെനാൽറ്റി വ്യവസ്ഥകളാണ് ഈ എഗ്രിമെന്റിലുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പെനാൽറ്റിയായി അധിക പലിശ നൽകേണ്ടിവരും. എത്രയാണെന്ന് നോക്കിയതിനുശേഷം വിശദാംശം ഞാൻ പറയാം. പക്ഷേ തിരിച്ചടവിന് യാതൊരുവിധ പ്രയാസവും ഉണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ, മോട്ടോർ വാഹനനികുതിയുടെ പകുതി പെട്രോസെസ് ആയി നൽകണമെന്നത് നമ്മൾ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനകം തന്നെ കേരള സർക്കാർ 5000- ത്തിൽ പരം കോടി രൂപ കിഫ്ബി-ക്ക് നൽകിയിട്ടുണ്ട്. ഈ തുക നൽകിക്കൊണ്ടിരിക്കും. അതിനാൽ തിരിച്ചടവ് തടസ്സം വരുന്ന പ്രശ്നമുദിക്കുന്നില്ല. ഈ ബോധ്യമുള്ളതുകൊണ്ടാണ് നമുക്ക് BB-റേറ്റിംഗിൽ ഇത്തരത്തിൽ ആളുകൾ നിക്ഷേപിക്കാൻ തയ്യാറായിട്ടുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ യു.പി.എ. സർക്കാർ വന്ന് പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-ലേക്ക് പോയാൽ നമ്മുടെ കാൽക്കുലേഷനെല്ലാം തെറ്റും. അങ്ങ് വളരെ over confident ആണെന്നുമാത്രമേ അതിനെക്കുറിച്ച് എനിക്ക് പറയാൻ സാധിക്കൂ. ഈ 50,000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കുവേണ്ടി ലോക്കൽ ബാങ്കിൽ

നിന്ന് പണം ലഭിക്കാതെവന്ന പ്രയാസങ്ങൾ നമ്മൾ നേരിട്ടതിന്റെ അടിസ്ഥാനത്തിലാണ് പുറമെ നിന്നും ഈ ബോണ്ട് വഴി വിപണിയിലേക്കുള്ള ശ്രമം നടത്തിയതെന്ന് അങ്ങ് പറഞ്ഞു. ഇതിനെന്തെല്ലാം handling charge ആണ് നമ്മൾ കൊടുക്കേണ്ടി വരുന്നത്. Handling charge അല്ലെങ്കിൽ സർവ്വീസ് ചാർജ് അതുപോലെയുള്ള ഏതെങ്കിലും തരത്തിലുള്ള ചാർജ്ജസ് കൊടുക്കേണ്ടതായി വന്നിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: ഉണ്ട്, ഇതിന്റെ അറേഞ്ചേഴ്സ്, ഏജന്റുമാർ എന്നിവർക്കെല്ലാം ഇതിൽ percentage ഉണ്ട്. അതെല്ലാം കൂടെ കൂട്ടി 0.25 പരമാവധി വരുമെന്നാണ് ഞാൻ കണക്കാക്കുന്നത്. ഇനി മോട്ടോർ വാഹന നികുതി കേന്ദ്രസർക്കാർ എടുത്തുമാറ്റുന്നു. നമ്മൾ അതിന് സമ്മതിക്കില്ല. അതിന് സാധിക്കില്ലെന്നു പറയാൻ നിൽക്കുകയാണ്. സെസ് മാറ്റുന്നു. നിയമസഭയ്ക്ക് ഇതിനുപകരമായി ജി.എസ്.ടി. -യുടെ ഇത്ര ശതമാനം കൊടുക്കാമെന്ന് തീരുമാനിക്കാവുന്നതേയുള്ളൂ. ആര് ഭരിച്ചാലും ഇത്തരത്തിലുള്ളൊരു വികസനപാത വേണമെന്ന് നമുക്ക് ഒരു യോജിപ്പുണ്ടെങ്കിൽ അതിനെല്ലാം ഉത്തരമുണ്ട്. അതാണ് നമുക്ക് വേണ്ടത്.

അതിനാൽ കിഫ്ബിക്ക് തകരാറൊന്നും വരാൻ പോകുന്നില്ല.

ശ്രീ. ടി. എ. അഹമ്മദ് കബീറിനു വേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2019-20-ലെ ബഡ്ജറ്റ് പറയുമ്പോൾ അങ്ങ് പറയുന്ന കണക്കനുസരിച്ച് 3% ആണ് fiscal deficit. അത് പിന്നീട് ഗസറ്റ് വിജ്ഞാപനം വഴി 3.75 ആക്കി. സ്വാഭാവികമായി നമ്മൾ പ്രതീക്ഷിച്ചിരുന്ന വരുമാനം കിട്ടുകയില്ലായെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സംസ്ഥാനത്തെ സാമ്പത്തിക നിലവാരം വച്ചാണ് ആ വരുമാനം കുറഞ്ഞുവരുന്നത്. അതേ സമയത്തുതന്നെ പ്ലാൻ ഫണ്ട് 20% ആക്കി കുറച്ചു. ഇനിയും ഒരുപക്ഷേ പ്ലാൻ ഫണ്ട് കുറയ്ക്കുവാനുള്ള സാധ്യതയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അത്തരം അവസരത്തിലാണ് മസാല ബോണ്ട് എടുക്കുകയും വലിയൊരു കടത്തിലേയ്ക്ക് പോകുകയും ചെയ്യുന്നത്. ഈ അവസരത്തിൽ കേന്ദ്രത്തിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം രൂപയുടെ മൂല്യം കുറഞ്ഞുവരുന്നു. ബാങ്കുകളിൽ നിക്ഷേപം കൂടിവരുന്നു. ലോൺ എടുക്കുവാൻ ആളില്ല. കേന്ദ്രത്തിന്റെ ചില നിബന്ധനകളുടെ അടിസ്ഥാനത്തിലായിരിക്കാം International market -ൽ നിന്ന് രൂപയായി

തന്നെ കടമെടുക്കുന്ന ഒരവസ്ഥ വരുന്നത്. ഫലത്തിൽ കേന്ദ്രത്തിനെ സഹായിക്കുന്ന ഒരവസ്ഥകൂടി അതിന്റെ ഭാഗമായുണ്ടാകും. ബോണ്ട് മാർക്കറ്റിലെ ഉയർച്ചയും താഴ്ചയും വരുമ്പോൾ സ്വാഭാവികമായും മസാല ബോണ്ടുകൾക്ക് സംഭവിക്കുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് ഒരുപാട് ഏറെ വ്യത്യാസം അങ്ങ് പ്രതീക്ഷിക്കുന്നതിനേക്കാൾ വരാൻ സാധ്യതയുണ്ട്. അത് സംസ്ഥാനത്തിന് ഗുണകരമാകുമോ, അതോടൊപ്പം ഈ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യുന്നതിനുവേണ്ടി ട്രാൻസാക്ഷണൽ ചാർജ്ജ് അതുപോലെ കമ്മീഷൻ ചാർജ്ജ്, ബ്രോക്കർ ചാർജ്ജ് എന്നിവ കൊടുക്കാനായി എന്തെങ്കിലും കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടോ; കൊടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 3 ചോദ്യങ്ങളാണ് അങ്ങ് ചോദിച്ചിരിക്കുന്നത്. അതിൽ ആദ്യത്തെ ചോദ്യത്തിൽനിന്നും മനസ്സിലാക്കേണ്ടത് ബഡ്ജറ്റിൽ സാമ്പത്തിക ഞെരുക്കം നേരിടുമ്പോഴും കിഫ്ബിക്ക് ഈ പണം നീക്കിവയ്ക്കേണ്ടി വരുമെന്നുള്ളതാണ്. അങ്ങനെ നീക്കിവയ്ക്കുമ്പോൾ ഇതുപയോഗിച്ച് ലിവറേജ് ചെയ്യുന്ന തുക എത്രയാണ്.

5000 കോടി രൂപ ബഡ്ജറ്റിൽനിന്നും കൊടുത്തു. 50000 കോടി രൂപയുടെ പ്രോജക്ട് അല്ലേ നടക്കുന്നത്? അതല്ലേ നമുക്ക് അഭികാമ്യം. അപ്പോൾ ഈ കാര്യം ശരിയാണ്. നമുക്ക് സാമ്പത്തിക ഞെരുക്കം കൂടുതലുണ്ട്. ഇത്ര കോടി മാറുമ്പോൾ പ്ലാനിംഗിൽനിന്നും അത്രയും പണം കുറയും, പക്ഷേ നമ്മൾ ലിവറേജ് ചെയ്യുന്ന തുകയുടെ വലിപ്പം നോക്കുമ്പോൾ അത് അംഗീകരിക്കാവുന്നതാണ്. രണ്ടാമത്തെ ചോദ്യം ഈ ബോണ്ടിന്റെ ഉയർച്ച താഴ്ചകൾ നമ്മളെ ബാധിക്കുകയില്ലേ എന്നുള്ളതാണ്. അതുകൊണ്ട് കിഫ്ബി ബോണ്ട് മാത്രമല്ല ആശ്രയിക്കാൻ പോകുന്നത്. പ്രവാസി ചിട്ടിയുണ്ട്, ടേം ലോണുണ്ട് ഇനി വേറെ നമ്മുടെ അസറ്റ് മാനേജ്മെന്റ് കമ്പനി വഴിയുള്ള വിഭവ സമാഹരണമുണ്ട്. നമ്മുടെ സ്രോതസ്സുകൾ ഇങ്ങനെ ഡൈവേർസിഫൈ ചെയ്യുന്നത് റിസ്ക് പരമാവധി കുറയ്ക്കാനാണ്. ബോണ്ട് മാർക്കറ്റ് അനുകൂലമല്ലെങ്കിൽ നമ്മൾ ബോണ്ടിൽ പോകില്ല. നമ്മൾ നാട്ടിലെ ബാങ്കിൽനിന്ന് എടുക്കാൻ ശ്രമിക്കും. അപ്പോൾ വളരെ ബോധപൂർവ്വമാണ് ഏതെങ്കിലും ഒരു മാർഗ്ഗം തെരഞ്ഞെടുക്കാതെ പരമാവധി സ്രോതസ്സുകൾ നമ്മൾ തുറന്നുവയ്ക്കാനായി ശ്രമിക്കുന്നത്. അവസാനത്തെ ചോദ്യം, ഇങ്ങനെ ആര്

പോയി ലിസ്റ്റ് ചെയ്യുമ്പോഴും അത് അറേഞ്ച് ചെയ്യുമ്പോഴും അതിന് ഏജന്റുമാരെ നിശ്ചയിക്കുമ്പോഴും അവർക്കൊക്കെ ഇതിന്റേതായ ചാർജ്ജുകളും ഫീസുകളും സേവനങ്ങളും കൊടുക്കേണ്ടി വരും. അത് കിഫ്ബി-ക്ക് പ്രത്യേകമായി കൂടുതലുള്ളതല്ല. അംഗീകരിച്ചിട്ടുള്ള രീതിയിൽ അത് നൽകുകയാണ്. നമ്മുടെ ഇന്ത്യൻ മാർക്കറ്റിൽ പോകുമ്പോഴും അത്തരത്തിലുള്ള സർവ്വീസ് ഫീസ് ഉണ്ട്. ഇന്റർനാഷണൽ മാർക്കറ്റ് കുറച്ച് കൂടുതലാണ്. പക്ഷേ അതെല്ലാംവച്ച് നോക്കുമ്പോൾ ഇന്ത്യയിൽ നമ്മൾ ഇന്ന് സമാഹരിക്കാൻ പറ്റുന്ന തുകയ്ക്ക് കൊടുക്കേണ്ട പലിശയെക്കാൾ താഴെയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: അങ്ങ് ഇവിടെ പറഞ്ഞ മസാല ബോണ്ടുവഴി 2150 കോടി രൂപ സമാഹരിച്ചു. ഇതിന്റെ പലിശയായി 1045 കോടിയും കൂടി 3195 കോടി രൂപയാണ്. 5 വർഷം കഴിയുമ്പോൾ നമ്മൾ തിരിച്ചടയ്ക്കേണ്ടതുണ്ട്. അപ്പോൾ അതിന് കണ്ടിട്ടുള്ള മാർഗ്ഗം മോട്ടോർ വാഹനത്തിന്റേതും അതുപോലുള്ള സെസ്സും നീക്കിവച്ചാൽ അത് കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ്. അഞ്ച് കൊല്ലം കഴിയുമ്പോൾ 3200-ഓളം കോടി രൂപ റീ-പേയ്മെന്റ് നടത്തേണ്ടതിന് അതുമാത്രം മതിയാകുമോ അതുമായി

ബന്ധപ്പെട്ട ഒരു പഠനം നടന്നിട്ടുണ്ടോ? അതോടൊപ്പംതന്നെ 2150 കോടി രൂപയിൽ ഇത് ലിമിറ്റ് ചെയ്യുമോ ഇനിയും അതിലപ്പുറത്തേയ്ക്ക് കിട്ടിയാൽ കടമെടുക്കുമോ; കടമെടുക്കാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിവ ധനവകുപ്പുമായി ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ട് ഒട്ടേറെ അപേക്ഷകർ ധാരാളമുണ്ട്. ഞങ്ങൾ ഇത്ര ലക്ഷം രൂപയേ വായ്പയെടുത്തുള്ളൂ, പലിശ കൂട്ടുമ്പോൾ ഇരട്ടിയായിരിക്കുന്നു. അത് സ്വാഭാവികമാണ് നിങ്ങൾ വായ്പയെടുത്താൽ പലിശ നൽകേണ്ടി വരും. അപ്പോൾ അത് 5-6 ഉം വർഷം കഴിയുമ്പോൾ ഈ പറയുന്ന തുക വരും. എസ്.എൽ.ആർ. ബോണ്ടുകൾ നിങ്ങൾ 8.5 ശതമാനത്തിൽ എടുക്കുമ്പോൾ ഒരു ശതമാനമല്ലേ കുറയുന്നത്. നിങ്ങൾ പലിശ അത്രയും കൊടുക്കണ്ടേ; ഇത് ആണ്. പക്ഷേ ഞാൻ പറഞ്ഞതുപോലെ ഇന്ന് ഈ പലിശ കൊടുക്കേണ്ടിവന്നാലും 5 വർഷം കഴിഞ്ഞ് ഇത് പണിയുന്നതിനേക്കാളും നമുക്ക് ലാഭകരമായിരിക്കും. രണ്ട്, ഇന്ന് ഇത് വന്നുകഴിഞ്ഞാൽ ഈ റോഡും പാലവും വന്നുകഴിഞ്ഞാൽ അത് കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കും. ഇത് നമ്മുടെ

സമ്പദ്ഘടനയെ വളർത്തുമ്പോൾ ഇവിടുത്തെ വായ്പ ജഡഭാരമല്ലാതായി മാറും. ഇതാണ് അതിന്റെ പിന്നിലുള്ള തത്വമെന്ന് പറയുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 9.723 ശതമാനം പലിശയ്ക്കാണ് ഇപ്പോൾ സി.ഡി.പി.ക്യൂ. ബോണ്ട് എടുത്തിട്ടുള്ളത്. സി.ഡി.പി.ക്യൂ കമ്പനിയെക്കൂടാതെ 16 സ്ഥാപനങ്ങളെക്കൂടി നെഗോഷ്യേറ്റ് ചെയ്തു എന്നാണ് പറയുന്നത്. തൊട്ടടുത്ത് വരുന്ന സ്ഥാപനങ്ങൾ ഓഫർ ചെയ്തിട്ടുള്ള പലിശ എത്രയാണ്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 9.7 ശതമാനം ആണ് നമ്മൾ പരമാവധി സംഘടിപ്പിച്ചിട്ടുള്ളത്. അതിനാൽ ഇനി കൂടുതൽ പറഞ്ഞാലും ബാക്കിയെല്ലാവരും 9.7 ശതമാനത്തിലേയ്ക്ക് വരാൻ തയ്യാറായാലേ നമ്മൾ അവർക്ക് നിക്ഷേപത്തിന് അവസരം കൊടുക്കുകയുള്ളൂ. അതുകൊണ്ട് എല്ലാവരുടേതും 9.7 ശതമാനം ആണ്. അപ്പോൾ 9.7 ശതമാനം അവർ വച്ചു. നമ്മൾ 2500-ഉം കവിഞ്ഞ് ഇനി ആൾ വരുകയാണെങ്കിൽ 9.7 ശതമാനത്തിൽ താഴണം. അങ്ങനെയാണ് അതിന്റെ bidding പോകുന്നത്, അത് വന്നില്ല. 2500 വച്ചിട്ട് 2150 മാത്രമേ സബ്സ്ക്രൈബ് ചെയ്തുള്ളൂ. 9.7 ശതമാനമാണ് അതിന് ആവശ്യപ്പെട്ടത് അത് നമ്മൾ അംഗീകരിച്ചു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, മസാല ബോണ്ടിനുവേണ്ടി രണ്ടാമത് ഇറക്കിയ ഓഫറിംഗ് സർക്കുലറിൽ കണ്ണൂരിലെ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഒരു പ്രൊപ്പോസൽ ഉണ്ട്. അതിന് എത്ര പണമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; അതും ബോണ്ട് ഓഫറുമായി വളരെ വ്യക്തമായിട്ടുള്ള ബന്ധമുണ്ടോ; അത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; കണ്ണൂരിലെ ജനപ്രതിനിധികളുമായിട്ടെങ്കിലും ഇത്ര വിപുലമായ പണച്ചെലവുള്ള ഒരു പ്രോജക്ട് സംബന്ധിച്ച ചർച്ച നടത്താൻ ഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്തുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വായിച്ചുനോക്കിക്കോളൂ പാലക്കാടും ഇവിടെയുമുള്ള ഇൻഡസ്ട്രിയൽ കോറിഡോർ വച്ച്. നമ്മുടെ രണ്ട് വലിയ പ്രധാനപ്പെട്ട ഇൻഡസ്ട്രിയൽ കോറിഡോർ കോയമ്പത്തൂർ - കൊച്ചി ഇടനാഴി ഇതുപോലെ തന്നെ ഇപ്പോൾ നമ്മുടെ എയർപോർട്ടൊക്കെ വരുന്നതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ കാസർഗോഡ് പാത. ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്, ഇൻഡസ്ട്രിയൽ നയത്തിൽ പറഞ്ഞു; അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ബോർഡിലേയ്ക്ക്

വളരെ വിശദമായി ഏതാണ്ട് 60-70 പേജ് വരുന്ന രേഖ തരുകയുണ്ടായി. അപ്പോൾ പാർക്കിന്റെയൊക്കെ വിശദാംശങ്ങൾ ആയിട്ടില്ല. അതൊക്കെ ഇനി തയ്യാറാക്കേണ്ടതുണ്ട്. പക്ഷേ ഏറ്റവും ആദ്യം വേണ്ടത് ഭൂമി ഏറ്റെടുക്കലാണ്. അങ്ങനെയാണെങ്കിൽ ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് നീങ്ങട്ടെ. ബാക്കി ഇൻഡസ്ട്രിയൽ പാർക്ക് ഓരോന്നിന്റെയും ഏത് വിധത്തിലുള്ള ഇൻവെസ്റ്റ്മെന്റിനുവേണ്ടിയാണ് അതനുസരിച്ചിട്ടുവേണം കാര്യങ്ങൾ ചെയ്യാൻ. എയർപോർട്ടും കാര്യങ്ങളുമൊക്കെ വന്ന് കുറച്ച് കഴിഞ്ഞുകഴിഞ്ഞാൽ ഈ വിലയ്ക്കൊന്നും അവിടെ ഭൂമി ലഭ്യമാകില്ല. ഇന്ന് ഭൂമി ലഭ്യമാണ്. അതുകൊണ്ട് നമ്മൾ തയ്യാറാകണം. ഇത്തരത്തിൽ പറയുന്ന 5000-ത്തിൽപ്പരം ഏക്കർ കിട്ടുമെന്നൊന്നും യാതൊരു ഉറപ്പും ഇല്ല. എങ്കിലും സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പരമാവധി ഏറ്റെടുക്കാൻ നോക്കും ഏറ്റെടുക്കുന്ന ഭൂമിക്ക് പണം കിഫ്ബി ലഭ്യമാക്കും എന്നുള്ള ഉറപ്പാണ്. ഓരോന്നിനും ഭൂമി ഏറ്റെടുത്ത് നെഗോഷിയേറ്റ് ചെയ്ത് വിലയൊക്കെ നിശ്ചയിച്ച് കിഫ്ബിയിലേയ്ക്ക് കിൻഫ്ര അപ്ലോഡ് ചെയ്യുമ്പോൾ മാത്രമാണ് ഇതിന്റെ ഫിനാൻഷ്യൽ സാങ്ഷൻ വരുന്നത്, ബാക്കിയെല്ലാ പ്രോജക്ടുകളുംപോലെ പണം

കൊടുക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള ചർച്ചകൾ നിശ്ചയമായും ജനപ്രതിനിധികളോട് ചർച്ചചെയ്യാതെ ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ; തത്വത്തിൽ അത്തരത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങണം. ഭൂമി ഏറ്റെടുക്കുന്നതിന് എത്ര കാലതാമസം ഉണ്ടാകുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതുകൊണ്ട് ആ കാലതാമസത്തിന്റെ പിന്നിൽ ഒരു പ്രശ്നം വരിക, ഭൂമിയ്ക്ക് തുക കിട്ടുമോ ഇല്ലയോ എന്നുള്ള പ്രശ്നമാണ് ഉണ്ടാകുക. അല്ല തുക റെഡിയാണ്; റെഡിയായി തുക കിട്ടും; കിഫ്ബി ഗ്യാരന്റി ചെയ്യുന്നു. അതുകൊണ്ട് ആ നടപടികൾ നീക്കു എന്നുള്ള സന്ദേശമാണ് നൽകുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഈ ബോണ്ടുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യം, ഇത് ലിസ്റ്റ് ചെയ്യുന്നതിനുമുമ്പുതന്നെ ഇതിന്റെ കച്ചവടം നടന്നു എന്നുള്ളതാണ്. അതായത് ഓപ്ഷൻസ്, എത്ര ചുരുങ്ങിയ പലിശയ്ക്ക് ഇത് ലഭ്യമാകും എന്നുള്ള ഒരു പലിശയെക്കുറിച്ച് ആലോചിട്ടില്ല അതിനുവേണ്ടി പ്രവർത്തിച്ചിട്ടുമില്ല. ഇപ്പോൾ ബോണ്ട് ലിസ്റ്റ് ചെയ്തിരിക്കുന്നത് കമ്പനിയാണ്. സി.ഡി.പി.ക്യൂ.-ആണ്. അതിൽനിന്നുണ്ടാകുന്ന ലാഭനഷ്ടങ്ങളെല്ലാം ആ കമ്പനിക്കാണ് പോകുന്നത്. സർക്കാരിന് യാതൊരു

ലാഭവും ഉണ്ടാകുന്നില്ല. അങ്ങ് പറഞ്ഞത് 1.35 ശതമാനം പലിശയ്ക്കെടുത്താൽ അത് റുപ്പീ എക്സ്ചേഞ്ചല്ല, ഡോളർ എക്സ്ചേഞ്ചാണ്. 1.35 ശതമാനം പലിശയ്ക്കെടുത്താൽ ഡോളറിന് 360 രൂപ അതായത്, ആറ് ഇരട്ടിയാണ് 9.72 ശതമാനം എന്ന് പറയുന്നത്. ഡോളറിന് 360 രൂപ വന്നാൽ മാത്രമേ 1.5 ഉം 9.72 ഉം തമ്മിൽ താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങ് വളരെ വലിയൊരു വാദമാണ് ഉന്നയിച്ചത്. 1.35 എടുത്താൽ ഡോളറാണ്, ഡോളർ എക്സ്ചേഞ്ച് വരുമ്പോൾ സർക്കാർ വലിയ തുക കൊടുക്കേണ്ടി വരും. ഡോളറിന് 360 രൂപയാകുന്ന ഒരു സ്ഥിതി എന്ന് പറയുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തന്നെ തകർന്ന് രൂപ തന്നെ നശിച്ചുപോകുന്ന ഒരു കാലമാണ്. അപ്പോൾ ഈ 9.72-ഉം വാട്ടർ മെട്രോയും മറ്റ് മെട്രോയും എടുത്ത 1.35 ഉം തമ്മിൽ എന്തെങ്കിലും ഒരു താരതമ്യം ഉണ്ടോ; ഇന്ത്യയിലെ റിസർവ് ബാങ്ക് രൂപ്പിയായിട്ടുതന്നെ സ്റ്റേറ്റുകൾക്ക് ബോണ്ട് നൽകാൻ തയ്യാറായിട്ടും ആ റിസർവ് ബാങ്കിന്റെ ബോണ്ട് വാങ്ങിക്കാതെ എന്തിനാണ് പുറത്ത് പോകുന്നത്. 6 ശതമാനം പലിശയ്ക്ക് 5 വർഷത്തേയ്ക്ക് ബോണ്ട് തരാൻ റിസർവ് ബാങ്ക് തയ്യാറാണ്. റിസർവ് ബാങ്കിന്റെ വെബ്സൈറ്റ് നോക്കിയാൽ അറിയാം.

റിസർവ് ബാങ്ക് ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകൾക്കും കൊടുത്തിട്ടുണ്ട്. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം ഇത് വാങ്ങിക്കാൻ എല്ലാപേരും പോകുന്നത് ഇതിന്റെ കിഫ്ബിയുടെ നിറം കണ്ടിട്ടോ അല്ലെങ്കിൽ അതിനകത്തിരിക്കുന്ന ആളുകളുടെ ബാക്ഗ്രൗണ്ട് വായിച്ചുനോക്കിയിട്ടൊന്നും അല്ല. ലോകത്തിലെ ഏറ്റവും വലിയ ഫണ്ടിംഗ് ഏജൻസികളുടെ ഏറ്റവും വലിയ അട്രാക്ഷൻ സോവറീൻ ഗ്യാരന്റിയാണ്. സ്റ്റേറ്റിന്റെ സോവറീൻ ഗ്യാരന്റി. നമ്മുടെ ബാർഗെയിനിംഗ് പോയിന്റ് അതായിരുന്നു. ബിൽ ഗേറ്റ്സ് വന്നാലും അദാനി വന്നാലും അംബാനി വന്നാലും അവർക്ക് അതിനെക്കാൾ ഫണ്ടിംഗ് ഏജൻസിയുടെ അട്രാക്ഷൻ സ്റ്റേറ്റിന്റെ സോവറീൻ ബോണ്ടാണ്. സ്റ്റേറ്റിന്റെ സോവറീൻ ബോണ്ട് കയ്യിൽവച്ചിട്ട് ബാർഗെയിൻ ചെയ്യാൻ കഴിയാതെ ഏകപക്ഷീയമായി ചർച്ച നടത്തി അവർക്ക് 9.72 ശതമാനത്തിന് കൊടുക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്തത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, റിസർവ് ബാങ്ക് തയ്യാറാണെന്നു പറയുന്നതെന്തെന്നാൽ സംസ്ഥാന സർക്കാർ ഇറക്കുന്നത് S.L.R.(statutory liquidity ratio) ബോണ്ടാണ് അത് കിഫ്ബിക്ക് എടുക്കാൻ സാധിക്കില്ല.

സംസ്ഥാന സർക്കാരിന് ഓരോ ക്വാർട്ടറിലും എത്ര തുക എടുക്കാം എന്ന് കേന്ദ്ര ഗവൺമെന്റാണ് തീരുമാനിച്ച് പറയുന്നത്. ആ തീരുമാനത്തേക്കാൾ കൂടുതൽ തുക എടുക്കാൻ കഴിയില്ല. അതുകൊണ്ട് റിസർവ് ബാങ്ക് താഴ്ന്ന പലിശയ്ക്ക് ബോണ്ട് വാങ്ങാൻ തയ്യാറായി നിൽക്കുന്നു, അത് മേടിക്കാൻ തയ്യാറായത് പോയി എന്നു പറയുന്നത് ശരിയല്ല. ഇന്ത്യൻ മാർക്കറ്റിൽ നമുക്ക് ബോണ്ടിറക്കാം, ഇറക്കിയാൽ 10.25-ൽ താഴെ കിട്ടില്ല. ബാക്കി ആളുകൾ കണക്കുകൾ ഉത്തരമായി നൽകിയിട്ടുണ്ട്. ഇന്ത്യയിൽ നമ്മളെപ്പോലെ റേറ്റിംഗുള്ള മറ്റ് സ്ഥാപനങ്ങൾ ഇറക്കിയിട്ടുള്ള ബോണ്ടുകളിലെല്ലാം 10 ശതമാനത്തിന് മുകളിലാണ് അവർക്ക് കിട്ടിയിട്ടുള്ളത്. അതിനാലാണ് നമ്മൾ മസാല ബോണ്ടെന്നപേരിൽ പുറത്ത് ബോണ്ടിറക്കിയത്. അത് 9.7 ശതമാനം. അഭ്യന്തരമായി ഇന്ന് റെയ്സ് ചെയ്യുന്നതിനേക്കാൾ താഴെ. അത് നേരത്തെ bargain ചെയ്യാതെ BB-റേറ്റിംഗ് ആയി പോയി, BB- റേറ്റിംഗ് എന്നു പറഞ്ഞാൽ സ്പെകുലേറ്റീവ് റേറ്റിംഗാണെന്ന് കളിയാക്കി, അതെ ഉള്ളൂ നമുക്ക്. പക്ഷെ മാർക്കറ്റിൽ പോകാൻ അത് അർഹത തരുന്നുണ്ട്. അതുവച്ച് പോയപ്പോൾ നമ്മുടെ first issue എതാണ്ട് പൂർണ്ണമായും subscribe

ചെയ്യപ്പെടുന്നത് വലിയൊരു ക്രെഡിറ്റാണ്. കാരണം എന്തടിസ്ഥാനത്തിലാണ് ഒരു ട്രാക്ക് റിക്കാർഡില്ലാത്ത ബോണ്ടിൽ നിക്ഷേപിക്കാൻ തയ്യാറാകുന്നത്. 9.7 ശതമാനം എന്നത് ഇന്നത്തെ നിലയ്ക്ക് ന്യായമാണെന്ന് ഇതിന്റെ ഏറ്റവും വലിയ വിദഗ്ദ്ധരടങ്ങുന്ന ബോർഡ് പറഞ്ഞു. ബോർഡിൽ രാഷ്ട്രീയ നിലപാട് ഉള്ളവരെന്ന് പറയാൻ കഴിയുന്നത് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും മാത്രമാണ്. ബാക്കി ബോർഡംഗങ്ങളെല്ലാം പ്രൊഫഷണലുകളാണ്. അവരുടെ വിദഗ്ദ്ധ വിലയിരുത്തൽ ഇത് ന്യായമായിട്ടുള്ളതെന്നാണ്. അങ്ങനെയല്ലേ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. എന്തിന് വേണ്ടി ഇത്ര urgent ആയി ഇത് ചെയ്യുന്നുവെന്നുള്ളതാണ് അവസാനമായി പറയാനുള്ളത്. എന്തു കാരണം കൊണ്ടായാലും ആദ്യമായി ഒരു സംസ്ഥാനത്തിന്റെ entity-ക്ക് മസാല ബോണ്ടിറക്കാൻ റിസർവ് ബാങ്ക് സമ്മതിച്ചു. ഈ സാമ്പത്തിക വർഷത്തേക്കാണ് അനുവദിച്ചത്. ഈ അവസരം ഉപയോഗിച്ചില്ലെങ്കിൽ ഇനിയൊരവസരം ലഭിക്കുമെന്നൊരുറപ്പുമില്ല. രാഷ്ട്രീയ സാഹചര്യങ്ങൾ മാറുകയാണ്. അതിനാൽ കേരളത്തിന് കിട്ടിയ അവസരം നമ്മൾ ഉപയോഗപ്പെടുത്തണം. withholding tax പോകുന്നതിന് മുൻപ് എടുക്കണം.

അതിന്റെ കൂടി നേട്ടമുണ്ടാകും, അതുകൊണ്ട് ചെയ്യൂ. ഇനി അങ്ങ് പറഞ്ഞ 1.5/2.5-ന്റെ ഡോളർ ബോണ്ട്, നമുക്കതും പരീക്ഷിക്കാം. ഒരു സ്രോതസ്സിൽ തന്നെ നിൽക്കാൻ ഉദ്ദേശിക്കുന്നില്ല. ഡോളർ ബോണ്ടിറക്കാൻ പോകുകയാണ്, ഇറക്കിയാൽ എത്ര കിട്ടുമെന്ന് നോക്കും. ശ്രീ. വി. ഡി. സതീശനോട് സംസാരിച്ച് ആ മാർഗം മനസ്സിലാക്കി അത് പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന് നോക്കാം. കേരള സർക്കാർ water metro -ക്കായി എടുത്തത് 2.5 ശതമാനത്തിനാണ് 1.3 ശതമാനത്തിനല്ല. അതിനോടൊപ്പം 6 ശതമാനമെങ്കിലും Hedge Fund ചേർക്കേണ്ടി വരും. ഡോളർ ബോണ്ടിനേക്കാൾ കൂടുതൽ ചെലവ് വരും. അത് നമുക്ക് പരിശോധിക്കാം.

ശ്രീ. കെ. മുരളീധരൻ: സർ, മസാല ബോണ്ടിൽ 9.72 ശതമാനം പരിശനിരക്ക് അംഗീകരിക്കുന്നതിന് മുൻപ് റിസർവ് ബാങ്ക് അവരുടെ പലിശനിരക്ക് കുറയ്ക്കാൻ വേണ്ടിയിട്ടുള്ള ചർച്ചകൾ നടത്തുകയാണ്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് റിസർവ് ബാങ്ക് പലിശ നിരക്ക് 7 ശതമാനത്തിന് താഴെ നിശ്ചയിക്കുമെന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ അധികം കൊടുക്കേണ്ട പലിശ അടുത്ത് വരാൻ പോകുന്ന സർക്കാരിന്റെ

തലയിൽ കെട്ടിവയ്ക്കുന്നതിന് തുല്യമാണിത്. അങ്ങ് ഇത് സംബന്ധിച്ച് റിസർവ് ബാങ്കുമായി ചർച്ച നടത്തിയിരുന്നോ; ചർച്ച നടത്തി അവരുമായൊരു ധാരണയിലെത്താൻ മുൻപ് ശ്രമിച്ചിരുന്നോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പലിശ നിരക്ക് കൂടുകയും കുറയുകയും ചെയ്യും. ഇന്ത്യയിലിപ്പോൾ third quarter-ൽ ഗ്രോത്ത് റേറ്റ് 6 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞ വർഷത്തെ സാമ്പത്തിക വളർച്ച 7.5 ശതമാനമാകുമെന്ന് പറഞ്ഞിരുന്നെങ്കിലും അത് 7 ശതമാനത്തിന് താഴെയായിരിക്കുമെന്ന് തീരുമാനിക്കപ്പെട്ടിരിക്കുന്നു. വിലക്കയറ്റം അത്ര രൂക്ഷമല്ലാത്തതിന്റെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് പലിശ നിരക്ക് കുറയ്ക്കാനുള്ള സാധ്യതയുണ്ടെന്നാണ് പറഞ്ഞത്. നാളെ പലിശനിരക്ക് കൂട്ടാനും സാധ്യതയുണ്ടാവും. പലിശനിരക്ക് കൂടുകയും കുറയുകയും ചെയ്യും. നമുക്ക് എടുക്കേണ്ടത് അമ്പതിനായിരം കോടി രൂപയാണ്. ഈ സംസ്ഥാനത്തിന് അമ്പതിനായിരം കോടിയെടുത്ത് നമുക്കാവശ്യമുള്ള കാര്യങ്ങൾ ഇന്ന് ചെയ്യാൻ സാധിക്കുമെന്നൊരു ഭാവനയിലേക്ക് പോലും നമുക്ക് വരാൻ സാധിക്കുന്നില്ല. ആവശ്യമുള്ളത് അമ്പതിനായിരം കോടി രൂപയാണ്. അതിനാൽ ഇപ്പോൾ

രണ്ടായിരം കോടി രൂപയെടുത്തു. നാളെ അഭ്യന്തര മാർക്കറ്റിൽ ഡോളർ റേറ്റ് കുറയുകയാണെങ്കിൽ കൂടുതൽ ഇവിടെ നിന്ന് എടുക്കും. ഇത്തരത്തിൽ diversify ചെയ്തുകൊണ്ട് മാത്രമേ അമ്പതിനായിരം കോടി രൂപയുടെ വായ്പാ പദ്ധതി നമുക്ക് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതാണ് ഞങ്ങൾ നയിച്ചുകൊണ്ടിരിക്കുന്നൊരു കാഴ്ചപ്പാട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഒരു സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും വിദേശരാജ്യങ്ങളുമായി കരാറുണ്ടാക്കുകയാണെങ്കിൽ അതിന് പാർലമെന്റിന്റെ അംഗീകാരം വാങ്ങിയിരിക്കണമെന്ന് ശ്രീ. എം. എ. ബേബി രാജ്യസഭാംഗമായിരിക്കെ ഒരു ബില്ല് കൊണ്ടുവന്നിരുന്നു. തീർച്ചയായും അത് അദ്ദേഹത്തിന്റെ പാർട്ടിയുടെ കൂടി നിലപാട് ആയിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെയൊരു ബില്ല് കൊണ്ടുവരികയും പാർട്ടിക്ക് അങ്ങനെയൊരു നിലപാട് ഉണ്ടായിരിക്കുകയും ചെയ്യവേ സംസ്ഥാന ഗവൺമെന്റ് ഒരു വിദേശ രാജ്യത്തെ ഒരു ഏജൻസിയുമായി ഇങ്ങനെയൊരു കരാറുണ്ടാക്കിയത് സംബന്ധിച്ചുള്ള ഒരു വിശദീകരണം ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം ഇത്

സംബന്ധിച്ചൊരു controversy ഉണ്ടായാൽ ഇന്ത്യൻ നിയമമാണോ ബാധകമാകുക അതോ പ്രസ്തുത രാജ്യത്തെ നിയമമാണോ ബാധകമാകുക. ഉദാഹരണത്തിന് ലാവ്‌ലിന്റെ കാര്യത്തിൽ ശ്രീ. വരദരാചാരി എഴുതിയ കുറിപ്പിൽ അദ്ദേഹത്തിന്റെ തല പരിശോധിക്കണമെന്ന് മുഖ്യമന്ത്രി എഴുതിയതായി ഉണ്ടായിരുന്നു. അന്നങ്ങനെ ചെയ്തോ ഇല്ലയോ എന്ന് ഞാൻ കുറിപ്പ് കാണാത്തതുകൊണ്ട് അറിയില്ല. അതിന്റെ പശ്ചാത്തലത്തിൽ എന്താണ് ഇത് സംബന്ധിച്ചുള്ള നിലപാടെന്ന് വ്യക്തമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇന്ന് തന്നെ എല്ലാ എം.എൽ.എ.-മാർക്കും "ലാവ്‌ലിൻ ഇനി എന്ത്" എന്ന പുസ്തകം എത്തിച്ച് തരാം. ഉത്തരം പറഞ്ഞു കഴിഞ്ഞ ചോദ്യങ്ങൾ പിന്നെയും ആവർത്തിച്ചു കൊണ്ടിരിക്കുന്നത് എല്ലാം മറന്നത് കൊണ്ടാകും. ശ്രീ. പി. ടി. തോമസ് നമ്മുടെ നയങ്ങൾ പഠിക്കുന്നുണ്ട്. അന്തർദേശീയ കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുൻപ് പാർലമെന്റിൽ ചർച്ച ചെയ്യണം. പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ കരാർ വച്ചിട്ട് പാർലമെന്റിനോട് അതനുസരിച്ച് നിയമമുണ്ടാക്കാൻ പറയുന്നത് ജനാധിപത്യ വിരുദ്ധമാണ് എന്നുള്ളതാണ് സി.പി.എമ്മിന്റേയും മറ്റ് ഇടതുപക്ഷ

പാർട്ടികളുടേയും നിലപാട്. പക്ഷേ ഇവിടെയൊരു വിദേശ രാജ്യവുമായിട്ടും കരാറുണ്ടാക്കുന്നില്ല. മറിച്ച് വിദേശത്ത് നിന്ന് വായ്പയെടുക്കുകയാണ് ചെയ്യുന്നത്. കൊച്ചി മെട്രോ, വിഷാൽ പദ്ധതി, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവയ്ക്കെല്ലാം വേണ്ടി വിദേശ വായ്പയെടുത്തിട്ടുണ്ട്. അതൊന്നും കരാറല്ല. പിന്നെ എങ്ങനെയാണ് പി. ടി. തോമസ് സർ, ഇത് രണ്ടും ഒന്നായി പറയുന്നത്. അത്തരത്തിലുള്ള പ്രത്യയശാസ്ത്ര പ്രശ്നങ്ങളൊന്നും ഇതിൽ ഉത്ഭവിക്കുന്നില്ലായെന്ന് ഞാൻ വ്യക്തമാക്കുകയാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, ഇന്നലെയും ഇന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ രാഷ്ട്രീയ കാലാവസ്ഥ മാറുന്നതിന് മുൻപാണ് നമ്മൾ പെട്ടെന്ന് മാർച്ച് 31-നുള്ളിൽ മസാല ബോണ്ട് ഇറക്കിയതെന്ന് പറഞ്ഞു. രാഷ്ട്രീയ കാലാവസ്ഥ മാറുമോയെന്നുള്ള ഭയംകാരണം ശ്രീ. നരേന്ദ്രമോദിയുടെ വൻ കോർപ്പറേറ്റുകൾക്കനുകൂലമായ നയം മാറി പുതിയ സർക്കാർ വരുമോയെന്നുള്ള ഭയമാണോ എന്നാണ് ചോദിക്കാനുള്ളത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ഈ പ്രശ്നം സഭയിൽ ഞാൻ ചർച്ച ചെയ്യാനുദ്ദേശിക്കുന്നില്ല. നേരിട്ട് സംസാരിച്ചാൽ എന്ത് അന്തർനാടകമാണ്

നടക്കുന്നതെന്ന് ഞാൻ പറയാം. പതിനഞ്ചാം ധനകാര്യ കമ്മീഷനിലെന്ത്, റിസർവ് ബാങ്കിന്റെ സാധ്യതകളെന്ത് എന്നിവയെല്ലാം മനസ്സിലാക്കിക്കൊണ്ട് എടുത്തിട്ടുള്ളൊരു നിലപാടാണ്. അതുകൊണ്ട് നിങ്ങളെപ്പോലെ തന്നെ ഞങ്ങൾക്കും ശ്രീ. നരേന്ദ്ര മോദി ഈ രീതിയിൽ അധികാരത്തിൽ വന്നത് വലിയൊരത്ഭുതമാണ്. ഞങ്ങൾക്കൊരു പ്രത്യേകമായ കാഴ്ചപ്പാടോ ഭയമോ ഉണ്ടായതുകൊണ്ട് ചെയ്തതാണെന്ന് കരുതേണ്ടതില്ല.

ശ്രീ. റോജി എം. ജോൺ: സർ, മസാല ബോണ്ടുകൾക്ക് സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന ഗ്യാരന്റി നിയമപരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; അതിനെ സംബന്ധിച്ച് നിയമ വകുപ്പിൽ നിന്ന് എന്തെങ്കിലും നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗ്യാരന്റി ആക്ട് നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുള്ളതാണ്. അത് പ്രകാരം രണ്ട് കണ്ടീഷനാണുള്ളത്. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി കൊടുക്കാൻ കഴിയില്ല. സർക്കാർ സ്ഥാപനം അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള പബ്ലിക് സെക്ടർ സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്യാരന്റി കൊടുക്കാൻ കഴിയുകയുള്ളൂ എന്നുള്ളതാണ്

ഒന്നാമത്തെ കണ്ടീഷൻ. രണ്ടാമതായി എത്ര ഗ്യാരന്റി കൊടുക്കാമെന്നുള്ളതിന് പരിധി കൽപ്പിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ നിയമത്തിൽ അതിനൊരു സീലിംഗ് അബ്സല്യൂട്ട് എമൗണ്ടായാണ് വച്ചിരുന്നത്. സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനമെന്ന രീതിയിൽ ആ നിയമത്തിൽ ഭേദഗതി വരുത്തി. ഈ രണ്ട് കണ്ടീഷനും പാലിച്ചാൽ ഗ്യാരന്റി കൊടുക്കാമെന്ന് നിയമവകുപ്പ് കൃത്യമായി എഴുതി തന്നെ മറുപടി തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഗ്യാരന്റി കൊടുത്തിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, മസാല ബോണ്ടുകളുടെ വിൽപ്പനയിൽ Hidden Charges എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണ്; സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യാൻ നൽകേണ്ടതായിട്ടുള്ള തുകയും വിവിധ കമ്പനികൾക്ക് നൽകേണ്ടതായിട്ടുള്ള തുകയും ഉൾപ്പെടെയുള്ള Hidden Charges ഒന്ന് വ്യക്തമാക്കണം. ഇപ്പോഴുള്ള പലിശ നിരക്കിൽ Hidden Charges കൂടി ഉൾപ്പെടുത്തുമ്പോൾ പലിശനിരക്ക് ഉയർന്ന നിരക്കിലേക്ക് മാറുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, Hidden Charges ഇതിന് മാത്രമല്ല ഞാൻ നേരത്തെ ഉദ്ധരിച്ച എല്ലാ ബോണ്ടുകളുടെ കാര്യത്തിലും

ബാധകമാണ്. ലിസ്റ്റ് ചെയ്യുമ്പോൾ അനിവാര്യമായി നമ്മൾ കൊടുക്കേണ്ട ഫീസ്, റേറ്റിംഗ് ഏജൻസി സേവനങ്ങൾക്ക് കൊടുക്കേണ്ട ഫീസ് ഇവയെല്ലാം ഉൾപ്പെടുത്തിയാലും 0.25-ന് അപ്പുറം വരില്ലയെന്നതാണ് എന്റെ നിഗമനം.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഹിഡൻ ചാർജ്ജസ് അല്ലെങ്കിൽ ഹാൻഡിലിംഗ് ചാർജ്ജസായിട്ട് 0.25 ശതമാനം വരുമെന്നാണ്. എതാണ്ട് 3,100 കോടിയോളം രൂപയാണ് ഇപ്പോൾ തിരിച്ചടയ്ക്കാനുള്ളത്. ഇനി കൂടുതൽ കടമെടുക്കാനുള്ള സാധ്യത അങ്ങ് തള്ളിക്കളയുന്നുമില്ല. ഇങ്ങനെ വരുമ്പോൾ കോടിക്കണക്കിന് രൂപയുടെ ആനുകൂല്യമാണ് ഇതുമായി ബന്ധപ്പെട്ടുള്ള ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭിക്കാൻ പോകുന്നത്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ള പല ഉത്തരവാദിത്വങ്ങളും ചില പ്രത്യേക ബാങ്കുകൾക്ക് നൽകുന്നതായി കാണുന്നു. ഉദാഹരണമായി പ്രിൻസിപ്പൽ പേയിംഗ് ഏജന്റായി നിയമിക്കപ്പെടുന്നത് ഹോംഗ് കോംഗ് ആസ്ഥാനമായിട്ടുള്ള HSBC (The Hongkong and Shanghai Banking Corporation) ബാങ്കാണ്. ഇവർ തന്നെയാണ് ട്രസ്റ്റിയായും രജിസ്ട്രാർ & ട്രാൻസ്ഫർ ഏജന്റായും വരുന്നത്.

ഇത്തരത്തിലുള്ള ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും സുതാര്യമായിട്ടുള്ള നടപടിക്രമങ്ങൾ അവലംബിച്ചിട്ടുണ്ടോ; എങ്ങനെയാണ് ഇത്തരത്തിലുള്ള ബാങ്കിംഗ് സ്ഥാപനങ്ങളെ ഈ വക കാര്യങ്ങൾക്കായി നിയോഗിച്ചത്; ഇതുമായി ബന്ധപ്പെട്ട് മറ്റ് സാധ്യതകൾ, മാനദണ്ഡങ്ങൾ എന്നിവ കൂടി പരിശോധിക്കപ്പെട്ടിരുന്നോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനുള്ള നടപടിക്രമങ്ങൾ കിഫ് ബോർഡ് രൂപം നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇവരെ എല്ലാവരെയും സുതാര്യമായിട്ടുള്ള ലേല (Bid) നടപടികളിലൂടെ സേവനങ്ങൾ നൽകുന്നതിന് അവർക്ക് എത്ര ഫീസ് വേണമെന്നതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചു. മസാലാ ബോണ്ടിറക്കി പരിചയമുള്ള ആളുകളെ ബിഡ് ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത്. അത് നമ്മൾ ഇവിടെ രൂപീകരിച്ച Fund Trustee and Advisory Commission (FTAC) പരിശോധിക്കുകയും സുതാര്യമായിരുന്നുവെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി ജോർജ്: സർ, എനിക്ക് തോന്നുന്ന ഈ പേരാണ്

കുഴപ്പമെന്ന്. മസാലാ ബോണ്ട് എന്ന പേര് കേൾക്കുമ്പോഴേ കുഴപ്പമാണ്. ഒരു കുടുംബത്തിൽ പട്ടിണി മൂത്തുകഴിഞ്ഞാൽ മക്കളുടെ വിശക്കുന്ന കരച്ചിൽ കാണുമ്പോൾ പിതാവ് എവിടെനിന്നും എത്ര രൂപയും കടം വാങ്ങും. കാരണം കുഞ്ഞുങ്ങൾ മരിക്കരുത്. അതുപോലെ കുഞ്ഞുങ്ങൾ കരയുന്ന നിലയിലേയ്ക്ക് കേരളത്തിലെ ഗതിയെത്തിയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കാഴ്ചപ്പാടുണ്ടോ; ഇല്ലെങ്കിൽ ഇത്രമാത്രം വലിയ പലിശകൊടുത്ത് ഈ പണം വാങ്ങേണ്ട കാര്യമുണ്ടോ; ഞാൻ വായിച്ചിട്ടുള്ള അങ്ങയുടെ ലേഖനങ്ങളിൽ 3 ശതമാനം വരെ പലിശയ്ക്ക് പണം കിട്ടാനുണ്ടെന്ന് പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഒന്നര ശതമാനം എന്ന് പറയുന്നത് വേറെയാണ്. ആ നിലയ്ക്ക് ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നാണോ അങ്ങ് പറയുന്നത്? ഒരു മാർഗ്ഗവും ഇല്ലെന്നാണെങ്കിൽ ഞാൻ സപ്പോർട്ട് ചെയ്യാനും തയ്യാറാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആദ്യം നമുക്ക് തീരുമാനിക്കാനുള്ളത് നമ്മുടെ ബഡ്ജറ്റിൽ ചെയ്യാൻ പറ്റുന്നതുപോലെ എല്ലാവർഷവും അയ്യായിരം/ആറായിരം കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്ക് മുടക്കി വരവും ചെലവും ഒപ്പിച്ച് കാലക്ഷേപം ചെയ്താൽ

മതിയോ ഇല്ലയോ എന്നുള്ളതാണ്. നിങ്ങൾ തീരുമാനിക്കേണ്ടതാണ്. നമുക്ക് വികസനത്തിനായി വലിയൊരു കുതിപ്പ് വേണം, പശ്ചാത്തല സൗകര്യങ്ങൾ വേണം. ഒരു നിർമ്മാണ പ്രവൃത്തിപോലും അനാവശ്യമുള്ളതാണെന്ന് ഈ സഭയിൽ പറഞ്ഞിട്ടില്ല. ഈ പ്രവൃത്തികളെല്ലാം ഇനിയും വേണമെന്നല്ലാതെ വേണ്ടെന്ന് പറഞ്ഞിട്ടില്ല. ഇതെല്ലാം ആവശ്യമുള്ളതാണ്. ഇത് ഇന്നുണ്ടായിക്കഴിഞ്ഞാൽ നാടിന് ഗുണമാണ്. അപ്പോൾ ഇന്നത്തെ സാഹചര്യമെന്താണ്; ഇന്നലെ ഞാൻ ഗൾഫ് പണവരുമാനം ഇടിയുന്നതിന്റെ ഫലമായി വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. റിസഷൻ അതായത് റീജിയണൽ റിസഷൻ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇങ്ങനെ മുടക്കുന്നതുകൊണ്ട് നമുക്ക് പശ്ചാത്തല സൗകര്യം തരുമെന്ന് മാത്രമല്ല നമ്മുടെ സമ്പദ്ഘടന ഇങ്ങനെയൊരു തകർച്ചയിലേയ്ക്ക് നീങ്ങുന്നതിനുള്ള പ്രതിരോധമായി മാറുകയുമാണ്. അതാണ് ഈ സംരംഭത്തിന്റെ ആവശ്യകത. നമ്മൾ പേടിച്ച് കൈകെട്ടിയിരുന്നിട്ട് കാര്യമില്ല. യഥാർത്ഥത്തിൽ, John Maynard Keynes പറയുന്നത്, നോട്ട് അച്ചടിച്ച് കുഴികുഴിച്ച് കുഴിമൂടിയാലും കുഴപ്പമില്ല പമ്പ് ഇൻ ദ

മണി എന്നാണ്. നമുക്ക് അങ്ങനെ നോട്ട് പ്രിന്റ് ചെയ്യാനും ഇഷ്ടാനുസരണം വായ്പയെടുക്കാനും കഴിയുകയില്ല. കാരണം നമ്മൾ ഒരു സംസ്ഥാനം മാത്രമാണ്. അപ്പോൾ ആ സംസ്ഥാനത്തിന്റെ പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഒരു വമ്പൻ സ്റ്റിമുലസ് പാക്കേജ് നടപ്പാക്കുകയാണ്. That's what we are doing. ഞാൻ *Khaleej Times*-ന്റെ എഡിറ്റോറിയൽ ബോർഡുമായിട്ടുള്ള ഇന്റർവ്യൂ ഡിസ്കഷനിൽ, ഗൾഫ് പണവരുമാനം കുറയുന്നതിന്റെയും അതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ചും പറയുകയുണ്ടായി. ഞാൻ കെയിനീഷ്യൻ (Keynesian) പാക്കേജിനെക്കുറിച്ച് പറഞ്ഞപ്പോൾ യഥാർത്ഥത്തിൽ ഇതിന്റെ സാധ്യതയെക്കുറിച്ച് ഇങ്ങനെയൊരു ഏർപ്പാട് ചെയ്യാൻ സാധിക്കുമോ എന്ന് ആളുകൾ വിസ്മയത്തോടെയാണ് കേട്ടിരുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു ഇതല്ലാതെ കേരളത്തിന്റെ മുമ്പിൽ മറ്റൊരു മാർഗ്ഗമില്ല, നമ്മൾ മാറി നിന്നുകഴിഞ്ഞാൽ നമ്മുടെ ബസ് പോകും.

മി. സ്പീക്കർ: കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് ഡിബേറ്റിൽ ധാരാളം സമയം നമ്മൾ ചെലവഴിച്ചുകഴിഞ്ഞു. ഏറെക്കുറെ വ്യക്തത ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വരുത്തുന്ന നിലയിൽ ദീർഘമായി മന്ത്രി

അതിലിടപെടുകയും ചെയ്തു. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

പട്ടുവസ്ത്രനിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

(*32) ശ്രീമതി ഗീതാഗോപി:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവസ്ത്ര നിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പട്ടുനൂൽ വസ്ത്രനിർമ്മാണത്തിനായി 2015-ൽ കേന്ദ്രാനുമതി ലഭ്യമായ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നേരിടുന്ന തടസ്സം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ലക്ഷങ്ങൾക്ക് തൊഴിൽ നൽകാൻ സഹായകമായ ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പൂഴിക്കുന്നും ബാലരാമപുരത്തും, പാലക്കാട് ജില്ലയിൽ ചിതലിയിലും കണ്ണൂർ ജില്ലയിൽ കണ്ടോത്തും സിൽക്ക് നെയ്ത്ത് നടന്നുവരുന്നു. 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി&സി) 05-08-15-ലെ G.O./MS No.109/15/ID ഉത്തരവുപ്രകാരം സെറിഫെഡ്ഡിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. സെറിഫെഡ്ഡിന്റെ പട്ടുവ്യവസായ പുനഃസംഘടന പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ചർച്ച ചെയ്യുന്നതിനായി 16-05-17-ന് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. കേന്ദ്ര സർക്കാർ അനുവദിക്കുന്ന സഹായധനം നഷ്ടപ്പെട്ടുപോകാതിരിക്കാനും പരമാവധി ഉപയോഗപ്പെടുത്താനും അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാനും കേരള ഗവൺമെന്റ് സന്നദ്ധമായിരുന്നു. കേന്ദ്രസഹായം ലഭ്യമാക്കി പട്ടുവ്യവസായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന്

നടപടികൾ സ്വീകരിക്കുന്നതാണെന്നും പൊതുവേ ആലോചിച്ചുകൊണ്ട് തീരുമാനിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സെറിഫെഡ്ഡിന്റെ പട്ടുവ്യവസായ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി 05-07-2017-ന് ഒരു അവലോകനയോഗം വിളിച്ചുചേർത്തിരുന്നു. കേരളത്തിന് ആവശ്യമായ പട്ടുനൂൽ നെയ്ത്ത് വ്യവസായത്തിനുവേണ്ട കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട കാര്യങ്ങൾ കേരളത്തിൽ ലഭ്യമല്ലെന്നും കർണ്ണാടകയിൽ നിന്നും വേണ്ടത്ര കൊക്കൂൺ വാങ്ങി സംസ്കരിച്ച് കർണ്ണാടത്തിലാണ് അതിന്റെ മാർക്കറ്റ് എന്നുള്ളതുകൊണ്ട് കർണ്ണാടകത്തിൽ തന്നെ വിൽക്കാനും പട്ടുവസ്ത്രങ്ങളുടെ മാർക്കറ്റ് കണക്കിലെടുത്ത് പട്ടുസാരി നെയ്ത്തിനായി പോസ്റ്റ് റീലിംഗ് ആക്ടിവിറ്റീസ് മുഴുവനായും സംസ്ഥാനത്തുതന്നെ നടത്താൻ നടപടി സ്വീകരിക്കുമെന്നും ചീഫ് സെക്രട്ടറി നടത്തിയിട്ടുള്ള അവലോകനത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഇതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഒരു തീരുമാനം കൈക്കൊള്ളുന്നതിനുമുമ്പ് കേരളത്തിൽ പട്ടുവ്യവസായത്തിന്

സാധ്യതയുണ്ടോ; പട്ടുനൂൽ ഉപയോഗിച്ചുകൊണ്ട് വസ്ത്രം നെയ്യുന്നതിനുള്ള സാധ്യതകളെല്ലാം ആരായേണ്ടതുണ്ടെന്നും അതുകൊണ്ട് സംസ്ഥാനത്ത് പട്ടുനൂൽ വ്യവസായത്തിന്റെ സാധ്യത സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കാൻ കേന്ദ്ര സിൽക്ക് ബോർഡുമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സിൽക്ക് ബോർഡിന്റെ പ്രതിനിധി, സെറിഫെഡ്ഡിന്റെ പ്രതിനിധി, ഹാന്റലൂം & ടെക്സ്റ്റൈൽസ് ഡയറക്ടർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകണം എന്നാണ് തീരുമാനിച്ചിരുന്നതെങ്കിലും അത്തരമൊരു റിപ്പോർട്ട് ഇതുവരെ സർക്കാരിന് ലഭ്യമായിട്ടില്ല.

(ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും അപ്രകാരമുള്ള കേന്ദ്രബോർഡിൽ നിന്നുള്ള ഫണ്ടും സർക്കാരിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് മറ്റുനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കഴിഞ്ഞ മാർച്ച് മാസം 30-ാം തീയതിയുള്ള മാതൃഭൂമി ദിനപത്രത്തിൽ '10 ലക്ഷം പേർക്ക് തൊഴിൽ, പട്ടിന്റെ സ്വന്തം

നാടാകാൻ കേരളം' എന്ന തലക്കെട്ടിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിൽ നല്ല പട്ട് ഉല്പാദിപ്പിച്ച് തുടങ്ങിയാൽ വ്യാജ പട്ട് ഇറക്കുമതിയിലൂടെ കോടികൾ വാരുന്നത് തടയാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി അവസാനമായി പറഞ്ഞത് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര സിൽക്ക് ബോർഡ് പ്രതിനിധി, സെറിഫെഡ് പ്രതിനിധി, ഹാൻഡ് ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ ഉൾപ്പെടെയുള്ള മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നുവെങ്കിലും മേൽ റിപ്പോർട്ട് സർക്കാരിന് ഇതുവരെ ലഭ്യമായിട്ടില്ല എന്നാണ്. കഴിഞ്ഞ മാസം ടെക്സ്റ്റൈൽസ് മന്ത്രാലയം ഡെൽഹിയിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ സെറിഫെഡ്ഡിന്റെ വൈസ് ചെയർമാനായ ശ്രീ. എസ്. മോഹനൻ അവതരിപ്പിച്ച, കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന പദ്ധതി അംഗീകരിക്കുന്ന ഒരു റിപ്പോർട്ടാണ് മാതൃഭൂമി പത്രത്തിൽ വന്നത്. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ മുന്നിൽ കേരളത്തിന്റെ സെറിഫെഡ് വൈസ് ചെയർമാൻ അവതരിപ്പിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി അതിവേഗം പരിശോധിച്ച് ഈ പദ്ധതി വളരെ ക്രിയാത്മകമായി കൊണ്ടുവരികയാണെങ്കിൽ മൾബറി കൃഷി

വ്യാപനത്തിലൂടെ വൻതോതിൽ പട്ടുനൂൽ പുഴുക്കൾ ഉൽപാദിപ്പിച്ചും കൈത്തറിശാലകളിൽ മുന്തിയ തരം പട്ടുവസ്ത്രങ്ങൾ നിർമ്മിച്ചും കേരളത്തെ ഉയർത്തികൊണ്ടുവരാൻ സാധിക്കും. അതിവേഗത്തിൽ അങ്ങയുടെ വകുപ്പ് ഇടപെട്ട് ഈ പദ്ധതി സൂക്ഷ്മപരിശോധന നടത്തണം. കേന്ദ്ര മന്ത്രാലയത്തിന്റെ ഫണ്ട് കിട്ടാത്തത് കേന്ദ്ര സർക്കാരിന്റെ അനാസ്ഥമൂലമാണെന്നാണ് പത്രത്തിൽ കാണിച്ചിട്ടുള്ളത്. 3.41 കോടി രൂപയാണ് സംസ്ഥാന സർക്കാർ കൊടുക്കേണ്ടതെന്ന് പത്രത്തിൽ പറയുന്നു. അത് ശരിയാണോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, 1994-ലാണ് പട്ടുനൂൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു സംരംഭം എന്ന നിലയിൽ കേരളത്തിൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നത്. അത് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും രൂപീകരിക്കാനും അതിനുപരിയായി ബ്ലോക്ക്/താലൂക്ക് അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാനും അതിനുവേണ്ടി ഒരു അപ്പെക്സ് സൊസൈറ്റി രൂപീകരിക്കാനും തീരുമാനിച്ചു. അതിന്റെ നടപടികൾ ബഹുദൂരം മുന്നോട്ടുപോകുകയും ചെയ്തു.

പട്ടുനൂൽ ഉല്പാദിപ്പിക്കുന്നത് കൊക്കൂണിൽ നിന്നാണ്. കൊക്കൂൺ ശേഖരിക്കണമെങ്കിൽ മൾബറി ചെടി കൃഷിയാണ് ഏറ്റവും ആവശ്യം. ഇവിടെ ശ്രീ. എസ്. മോഹനൻ എന്തടിസ്ഥാനത്തിലാണ് കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് എനിക്കറിയില്ല. നേരത്തെ തയ്യാറാക്കിയ റിപ്പോർട്ടിൽ 20,000 ഹെക്ടർ സ്ഥലത്ത് മൾബറി കൃഷി നടത്തുക, അതിൽനിന്നും 20,000 തറികൾ പ്രവർത്തിപ്പിക്കുക അതിലൂടെ 10 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുക എന്നുള്ളതായിരുന്നു പ്രോജക്ട്. പക്ഷെ മൾബറി കൃഷിക്ക് 20,000 ഹെക്ടർ ഭൂമി ലഭ്യമാക്കാൻ സാധിക്കുമോ? മൾബറി കൃഷി ചെയ്ത് മൾബറി ചെടിയിൽനിന്ന് പുഴുക്കൾക്ക് ആഹാരം കൊടുത്ത് അതിൽനിന്ന് കൊക്കൂൺ ശേഖരിച്ച് ആ കൊക്കൂൺ പ്രോസസ്സ് ചെയ്ത് സിൽക്ക് നൂലാക്കി ആ നൂൽ നെയ്യുന്നതാണ് പട്ടുനൂൽ നെയ്ത്ത് എന്ന് പറയുന്നത്. എന്നാൽ കേരളത്തിൽ പാലക്കാട്, ഇടുക്കി, വയനാട് എന്നിങ്ങനെ മൂന്നുനാല് പ്രദേശത്ത് മാത്രമേ മൾബറി കൃഷിക്ക് ചെറിയ സാധ്യതയുള്ള കാലാവസ്ഥയുള്ളൂ. അതും ചെറിയ തോതിലാണ്. അതുകൊണ്ട് മൾബറി കൃഷിക്കുള്ള സാധ്യത കുറയുകയും കൊക്കൂൺ വളർത്താതെയുമായി. അങ്ങനെ ആ സ്ഥാപനം 2010

ആകുമ്പോഴേയ്ക്കും ഏതാണ്ട് പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. കുറെ ഫണ്ട് അലോട്ട്മെന്റ് ഉണ്ടായിരുന്നു. ആ ഫണ്ടുപയോഗിച്ച് ശമ്പളം കൊടുക്കേണ്ടതായി വന്നു. അങ്ങനെ ഇതുസംബന്ധിച്ച് ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-ലാണ് ആ സൊസൈറ്റികളെല്ലാം ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചത്. ഖാദി-ഗ്രാമവ്യവസായ ബോർഡിന്റെ കീഴിലാണ് ഈ സ്ഥാപനം. അതിന്റെ സെക്രട്ടറിയാണ് ഈ സെറികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ രജിസ്ട്രാർ. അദ്ദേഹം അന്നത്തെ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായി സൊസൈറ്റികൾ ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിക്കുകയും അതിലുണ്ടായിരുന്ന ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും റൂറൽ ഡെവലപ്പ്മെന്റ് ബോർഡിലേയ്ക്കും അക്കോമഡേറ്റ് ചെയ്യാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് സൊസൈറ്റികൾ ഹൈക്കോടതിയിൽ ലിക്വിഡേഷന് എതിരായി കേസ് ഫയൽ ചെയ്യുകയും കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അത് സ്റ്റേ ചെയ്യുകയും ചെയ്തു. ഒരു പുനർജ്ജീവനം കൊടുക്കാൻ ഏതെങ്കിലും തരത്തിൽ സാധിക്കുമോ എന്നും വിശാലമായ മേഖലയിൽ പട്ടുനൂൽ വ്യവസായം വളർത്തിക്കൊണ്ട് പോകാൻ

സാധിക്കുമോ എന്നും പരിശോധിക്കാനാണ് സിൽക്ക് ബോർഡിനെയും, സെറിഫെഡ്ഡിനെയും, വ്യവസായ വകുപ്പിനെയും ചുമതലപ്പെടുത്തി പഠനം നടത്തിയത്. അവരുടെ റിപ്പോർട്ടും ഇതുവരെ ലഭ്യമായിട്ടില്ല. കേരളത്തിൽ കൊക്കൂൺ വളർത്താനുള്ള കാലാവസ്ഥയല്ല. മറ്റൊന്ന് കൊക്കൂണിൽ നിന്ന് സിൽക്ക് നൂൽ ഉല്പാദിപ്പിച്ചാൽ ഒരു കിലോ സിൽക്ക് നൂലിന് 3,000/- രൂപ വില വരും. ഒരു കിലോ സിൽക്ക് നൂൽ ഉല്പാദിപ്പിക്കാൻ ഏഴ് കിലോ കൊക്കൂൺ വേണം. ഏതാണ്ട് 450/- രൂപയാണ് ഒരു കിലോ കൊക്കൂണിന്റെ വില. ഒരു കിലോ നൂലിന് 3,000/- രൂപയാണ് മാർക്കറ്റ് വില. പക്ഷെ കൊക്കൂൺ ഉപയോഗിച്ചാണെങ്കിൽ കൊക്കൂണിന്റെ വില മാത്രം 3,150/- രൂപയാകും. അത്രയും വില പ്രോസസ്സിംഗിന് വരും. അങ്ങനെ സിൽക്ക് സാരി വരുമ്പോൾ 5,000 രൂപ മുതൽ 6,000/- രൂപയ്ക്ക് മുകളിൽ വില വരും. മാർക്കറ്റിൽ ചെലവാകില്ല. അങ്ങനെ മാർക്കറ്റ് ഇല്ലാതായി. ഇങ്ങനെ വ്യത്യസ്തങ്ങളായ കാരണങ്ങളാലാണ് പട്ടുനൂൽ നെയ്ത്ത് വ്യവസായം പ്രതിസന്ധികൾ നേരിട്ടത്. അത് പരിശോധിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത്. ഖാദി ബോർഡിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് വിശദമായ

പഠനം നടത്തി ഇനിയും സാധ്യതകളുണ്ടോ എന്ന് പരിശോധിക്കും. കാസർഗോഡ് സിൽക്ക് നൂൽ നെയ്ത്ത് മേഖലയിൽ ആകെ 48 പേരാണ് ജോലിചെയ്യുന്നത്. ജോലി ചെയ്യാതെ അവർക്ക് ഗവൺമെന്റ് കുറെക്കാലം ശമ്പളം കൊടുത്തു. ഇപ്പോൾ അവർക്ക് മറ്റുചില ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇനിയും എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. 48 പേരിൽ ഇപ്പോൾ 42 പേർ മാത്രമേയുള്ളൂ ബാക്കിയുള്ളവർ മരിച്ചുപോയി. തീർച്ചയായും സാദ്ധ്യതകളുണ്ടെങ്കിൽ വ്യവസായ വകുപ്പ് വ്യവസായ രംഗത്ത് പുനർജീവനം കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി ഈ പദ്ധതികൾക്ക് പുനർജ്ജീവനം നൽകാൻ കഴിയുമോ? എന്റെ മണ്ഡലത്തിൽ അവിണിശ്ശേരി മേഖലയിൽ രണ്ട് കൈത്തറി സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടി ഈ പ്രോജക്ട് നമുക്ക് അനിവാര്യമായി വരുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞങ്ങൾ കൈത്തറി രംഗം

ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിച്ചതാണ്. പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം ഖാദിയെ കൈത്തറിയുമായി ബന്ധപ്പെടുത്തി കൊടുക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു. അതിന്റെ ഭാഗമായി മൾബറി കൃഷിയെ അടിസ്ഥാനപ്പെടുത്തി സംഘം രൂപീകരിച്ച് സിൽക്ക് നെയ്ത്ത് ചെയ്തുകൊണ്ടിരിക്കുന്ന ആ 42 തൊഴിലാളികളെ ഈ മേഖലയിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിച്ചപ്പോൾ അവർക്ക് ഈ ജോലി ചെയ്യാൻ സാധിക്കില്ലെന്നും സിൽക്ക് നെയ്ത്ത് മാത്രമേ കഴിയുകയുള്ളൂവെന്നും മനസ്സിലായി. ആയതിനാൽ കൈത്തറിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പുനർവിന്യാസത്തിനുള്ള സാധ്യത വളരെ വളരെ കുറവാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ വിശദമായി ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. നമ്മുടെ നാട്ടിൽ വ്യാജ പട്ട് ധാരാളമായി ഇറക്കുമതി ചെയ്യുന്നു. സ്വാഭാവികമായും നമ്മുടെ നാട്ടിൽ നിന്നും പലരും പട്ട് സാരി വാങ്ങാനായി തമിഴ്നാട്ടിലാണ് പോകുന്നത്. ഇതിന്റെ സാധ്യത കൂടുതൽ മനസ്സിലാക്കി പ്രയോജനപ്പെടുത്താൻ

അങ്ങ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ വേഗം സമർപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുമോ; അതിനുവേണ്ടി പുതിയ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ പറഞ്ഞ കാര്യം വളരെ ശരിയാണ്. കേരളത്തിൽ സിൽക്ക് സാരി മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഖാദിയിൽത്തന്നെ ഒരു വർഷം ഏതാണ്ട് 150 കോടിയിൽപ്പരം രൂപയുടെ സിൽക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ട്. പക്ഷെ ഈ സാരികളിൽ മഹാ ഭൂരിപക്ഷവും തമിഴ്നാട്, കൽക്കട്ട തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടുവന്ന് വിൽക്കുന്നവയാണ്. ഇവിടത്തെ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്നതിൽ താരതമ്യേന ഖാദിയിൽ ഉൽപാദിപ്പിക്കുന്നത് വളരെ കുറവാണ്. ഇങ്ങനെ വരുന്നതിൽ ചില തെറ്റായ നടപടിക്രമങ്ങളുമുണ്ട്. അത് തടയാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഖാദിയുടെ പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് വിൽപ്പന നടത്തി അതിന്റെ പേരിൽ റിബേറ്റ് ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന സമീപനത്തെ ഗവൺമെന്റ് ഇടപെട്ട് കർശനമായും നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. ഇതരസംസ്ഥാനങ്ങളിലുള്ള

നെയ്ത്ത് തൊഴിലാളികൾ പ്രത്യേകിച്ച് ഖാദി സിൽക്ക് നെയ്യുന്ന തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന തുണി വാങ്ങി കേരളത്തിൽ വിൽപ്പന നടത്തുന്നത് അവിടെയുള്ള തൊഴിലാളികൾക്ക് സഹായകരമായിരിക്കും. അത്തരം ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ ഇന്നത്തെ നിലയിൽ മൾബറി കൃഷിയോ കൊക്കൂൺ ഉപയോഗിച്ചുകൊണ്ടോ സാധിക്കുകയില്ല. ഇതിനൊരു മാർക്കറ്റ് ഉള്ളതുകൊണ്ട് ആ മാർക്കറ്റ് ഉപയോഗപ്പെടുത്തി ഖാദി വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്താനും വിപണനത്തെ ശക്തിപ്പെടുത്താനും എങ്ങനെ സാധിക്കുമെന്നുള്ളത് വിശദമായി ചർച്ച ചെയ്യുകയാണ്. ഇതുസംബന്ധിച്ച് വിശദമായി പരിശോധിച്ച് വാണിജ്യ മിഷനോട് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഇവിടെപ്പറഞ്ഞതുപോലെ വളരെ വിശദമായ മറുപടിയാണ് അങ്ങ് ഈ മേഖലയെ സംബന്ധിച്ച് പറഞ്ഞത്. സെറിഫെഡ്ഡിന്റെയും ഖാദി ബോർഡിന്റെയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. സെറിഫെഡ് ലിക്വിഡേഷന്റെ വക്കിലാണെന്ന് നമുക്കറിയാം. ഉദുമയിലും പട്ടണക്കാട്ടും

പ്രവർത്തിച്ചുകൊണ്ടിരുന്ന യൂണിറ്റുകൾ ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. സാധനങ്ങൾ അവിടെക്കിടന്ന് തുരുമ്പിക്കുകയാണ്. പട്ടുനൂൽ വ്യവസായത്തിന്റെ സാധ്യതകളെ സംബന്ധിച്ച്, മാർക്കറ്റ് ഉണ്ട് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. 150 കോടിയിൽപ്പരം രൂപയുടെ സിൽക്ക് ഉൽപ്പന്നങ്ങൾ ഖാദി ബോർഡുതന്നെ വിൽക്കുമ്പോൾ ഏതാണ്ട് 4000 കോടി രൂപയുടെ മാർക്കറ്റാണ് കേരളത്തിൽ പട്ടുനൂൽ വ്യവസായവുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്യുന്നത്. ആ മാർക്കറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ, ഇവിടെ സൂചിപ്പിച്ച എല്ലാ സാഹചര്യങ്ങളും ബോധ്യപ്പെട്ടുകൊണ്ട്, ആലപ്പുഴയിലെ പട്ടണക്കാട് മൾബറി കൃഷി ഉണ്ടായിരുന്ന സ്ഥലമാണ്. ആലപ്പുഴയുടെ ഉപ്പുരസമുള്ള കാറ്റ് ആ കൃഷിയെ ദോഷകരമായി ബാധിക്കുന്നു. നൂൽ പൊട്ടിപ്പോകുന്നുവെന്ന് പറയുന്ന സാങ്കേതിക അഭിപ്രായങ്ങളുണ്ട്. ഇത്തരം സാധ്യതകളെല്ലാം നല്ലതുപോലെ പഠിച്ചുകൊണ്ടായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. കേരളത്തിന്റെ കാലാവസ്ഥയും ഹൈറേഞ്ച് മേഖലയിൽ ഈ കൃഷിയുടെ സാധ്യത, പരിമിതികൾ എന്നിവയെല്ലാം വിശദമായി പരിശോധിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി പട്ടുനൂൽ വ്യവസായം

പ്രോത്സാഹിപ്പിക്കാനും തൊഴിൽ സാധ്യതകൾ മുതലെടുക്കാനും കഴിയുന്ന രീതിയിലേയ്ക്കുള്ള ഒരു പ്രവർത്തനം അടിയന്തരമായി നടത്താൻ സാധിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, റീലിംഗ് യൂണിറ്റാണ് പട്ടണക്കാടും ഉദുമയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറ്റ് രണ്ട് യൂണിറ്റുകളിൽ ഒന്ന് എറണാകുളത്തും മറ്റൊന്ന് മലപ്പുറത്തുമാണ്. ഈ യൂണിറ്റുകളൊന്നും നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇതിലുള്ള വിഷയം, സിൽക്ക് നെയ്ത്തിന് കുറച്ച് തൊഴിലാളികളുണ്ട്. സിൽക്ക് നൂൽ ഉല്പാദിപ്പിക്കാനുള്ള സാധ്യത, ഭൂമിശാസ്ത്രപരമായും കാലാവസ്ഥാ സ്ഥിതിഗതികൾ നോക്കിയാലും കേരളത്തിലില്ല. അതുകൊണ്ട് സിൽക്ക് നെയ്ത്തിൽ കേരളത്തിന് എത്രമാത്രം ഇടപെടാൻ കഴിയുമെന്നുള്ള കാര്യമാണ് നോക്കേണ്ടത്. മറ്റൊന്ന്, നെയ്ത്തുരംഗത്ത് തൊഴിലാളികളുടെ കഠിനാദ്ധ്വാനത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഇവിടെനിന്നും പരിശീലകരായ തൊഴിലാളികളെ ലഭിക്കുന്നുമില്ല. ഇപ്പോൾത്തന്നെ സിൽക്ക് നെയ്ത്തിലുള്ളത് കൂടുതലും സ്ത്രീകളാണ്. അതാണ് നമ്മുടെ ഇന്നത്തെ പട്ടുനൂൽ നെയ്ത്ത് വ്യവസായത്തിന്റെ അവസ്ഥ. ആളുകളെ കിട്ടുമെങ്കിൽ അവർക്ക്

ഐ.ഐ.എച്ച്.റ്റി.യിൽനിന്ന് പരിശീലനം നൽകാനും തൊഴിൽ നൽകാനുമുള്ള സംരംഭം ഏർപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിച്ചിട്ടുള്ളതാണ്. പക്ഷെ ഇതിന്റെ സാധ്യതകൾ വളരെ വിരളമാണ്. ആധുനിക കാലഘട്ടത്തിലെ ശാസ്ത്ര സാങ്കേതികരംഗം അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിലുള്ള പരമ്പരാഗതമായ രീതികളും സമ്പ്രദായങ്ങളും വളരെ വേഗം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിൽ മത്സരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു. ഇത് കേരളത്തിലെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പൊതുപ്രശ്നം കൂടിയാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, സെറികൾച്ചർ ഫാർമേഴ്സും ഈ ഇൻഡസ്ട്രിയും നേരിടുന്ന പൊതുവായ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശാലമായ കാഴ്ചപ്പാടും മറുപടിയുമാണ് മന്ത്രി ഇക്കാര്യത്തിൽ പറഞ്ഞത്. ഏറ്റവും ചെറിയ വിഭാഗം പോലും പങ്കാളിയാകുന്ന ഒരു പരമ്പരാഗത വ്യവസായത്തിൽ സർക്കാർ എടുക്കുന്ന മുൻകൈ വളരെ ഗൗരവമായി കാണാൻ ഈ മറുപടിയിൽ സാധ്യമായിട്ടുണ്ട്. ഇവിടെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡുമായി ക്ലബ്ബുചെയ്തുകൊണ്ട് ഈ വ്യവസായത്തിന്റെ

പൊതു പുരോഗതി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തീരുമാനിച്ചത് വളരെ ശ്ലാഘനീയമാണ്. കൈത്തറി രംഗത്ത് ഈ ഗവൺമെന്റ് വരുന്ന കാലത്ത് വലിയ പ്രതിസന്ധിയാണ് പരമ്പരാഗത വ്യവസായ മേഖലയെന്ന നിലയിൽ നാം അഭിമുഖീകരിച്ചുകൊണ്ടിരുന്നത്. കൈത്തറി വ്യവസായം രക്ഷപ്പെടുത്താൻ കേരളത്തിലെ വിവിധങ്ങളായ മേഖലകളിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തുകൊണ്ട് കൈത്തറി രംഗത്ത് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള വൻ മുന്നേറ്റം കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. എത്ര ലക്ഷം കുട്ടികൾക്ക് യൂണിഫോം ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; അതുമൂലം എത്ര തൊഴിലാളികൾക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്; ആ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയിലെ ആളുകളെക്കൂടി പങ്കാളികളാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് ശ്രമമാണ് നടക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഖാദി ഗ്രാമവ്യവസായത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെകൂടി

ഭാഗമായി വളർന്നുവന്ന ഈ രംഗത്തെ ശക്തിപ്പെടുത്താനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ രംഗത്ത് ഖാദി തൊഴിലാളികൾക്ക് നെയ്ത്തും മറ്റ് ജോലികളും നൽകാനും അതിന്റെ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തിയെടുക്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. പരമാവധി അവിടെ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രശ്നം അവരുടെ കൂലിയാണ്. വളരെ തുച്ഛമായ കൂലി മാത്രമേ അവർക്ക് ലഭിക്കുന്നുവെന്നുള്ളതാണ് ഖാദി രംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അത് പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. കൈത്തറിയുടെ പ്രശ്നം വന്നപ്പോഴും ഇക്കാര്യങ്ങൾ പരിശോധിച്ചതാണ്. പക്ഷെ അത് പ്രായോഗികമല്ല എന്നുള്ളതുകൊണ്ടാണ് അത്തരം നടപടികൾ ഉപേക്ഷിച്ചത്. കൈത്തറിത്തുണി വിദ്യാർത്ഥികൾക്ക് നൽകുന്നതിനുവേണ്ടിയുള്ള പദ്ധതി വളരെ നല്ല നിലയിൽത്തന്നെ നടപ്പിലാക്കിവരികയാണ്. ഏതാണ്ട് 42 ലക്ഷം മീറ്റർ തുണി കേരളത്തിൽ ഒരു വർഷം യൂണിഫോമിനുവേണ്ടി ഉല്പാദിപ്പിച്ച് കുട്ടികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. ഒന്നാം ക്ലാസുമുതൽ 7-ാം ക്ലാസ്സുവരെയുള്ള ഗവൺമെന്റ് വിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും യൂണിഫോം

നൽകുകയാണ്. എയ്ഡഡ് മേഖലയിൽ ഈ വർഷം ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും യൂണിഫോം നൽകുകയാണ്. എല്ലാ കുട്ടികൾക്കും യൂണിഫോം നൽകണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷെ നമ്മുടെ കൈത്തറി മേഖലയിൽ ഉല്പാദനക്ഷമത വളരെ കുറവാണ്. അതുണ്ടാക്കിയെടുക്കാൻ പുതിയ തറികൾ നൽകുക, നെയ്ത്ത് പരിശീലിപ്പിക്കുക, നെയ്ത്തുതൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്ത് ഇതിലേയ്ക്ക് അവരെ കൊണ്ടുവരാൻ ശ്രമിക്കുക എന്നിവയാണ് വേണ്ടത്. നെയ്ത്തുതൊഴിലാളികളിൽ ഇപ്പോൾ കേരളത്തിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ആ നിലയിലേയ്ക്ക് സ്ത്രീകൾ വരുന്നുണ്ട്. അവർക്ക് പ്രത്യേകമായ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇവിടെ ഏതാണ്ട് നെയ്ത്ത് മേഖലയിൽ മാത്രം 5400 തൊഴിലാളികൾ കൈത്തറിരംഗത്ത് കുട്ടികൾക്ക് കൈത്തറി യൂണിഫോം കൊടുക്കുന്ന പദ്ധതിപ്രകാരം ജോലി ചെയ്യുന്നുണ്ട്. അത്രയും തൊഴിലാളികൾ ഇതിന്റെ ബയന്റിംഗ് മറ്റ് അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്നുണ്ട്. യൂണിഫോം തുണി നൽകുന്നതുവഴി 11,000 തൊഴിലാളികൾക്ക് അവരുടെ

ജീവിതോപാധിയായി കൈത്തറി മേഖല മാറിയിട്ടുണ്ട്. ഞങ്ങൾ ചിന്തിക്കുന്നത് ഈ രംഗം മാത്രമല്ല, സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ടു ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. അതുപോലെതന്നെ ഗവൺമെന്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന തുണികളും അശുപത്രികളിൽ യൂണിഫോമും കൈത്തറിയായാൽ വളരെ സഹായകകരമാണ്. അങ്ങനെയുള്ള ഒരു സംരംഭത്തെക്കൂടി ആലോചിച്ച് ചർച്ച ചെയ്ത് വിപുലീകരിക്കാനാണ് ഗവൺമെന്റ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ സഭയിലെ എന്റെ അവസാനത്തെ ചോദ്യമാണിത്. പട്ടുനൂൽ ഉല്പാദിപ്പിക്കുന്ന കൊക്കൂൺ ഉപയോഗിച്ച് നൂലുണ്ടാക്കുന്ന രണ്ട് റീലിംഗ് യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്. അവ പട്ടണക്കാട്ടും ഉദ്ദമയിലുമാണ്. അവിടെ രണ്ട് യൂണിറ്റുകളിലുമായി 100-ൽ താഴെ സ്ത്രീ തൊഴിലാളികൾ മാത്രമാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇത് ഖാദി ബോർഡിൽനിന്ന് മാറ്റി സെറിഫെഡ്ഡിനെ ഏൽപ്പിച്ചത്. പക്ഷെ സെറിഫെഡ്ഡിന് പ്രവർത്തന മൂലധനം നൽകുകയോ കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത തുകയ്ക്ക് തത്തുല്ല്യമായ മാച്ചിംഗ് സംഖ്യ നമ്മുടെ ബഡ്ജറ്റിൽ

ഉൾപ്പെടുത്തുകയോ ചെയ്യുമില്ല. അതുകാരണം പ്രവർത്തനം നിശ്ചലമായി. തൊഴിലാളികളാകട്ടെ ഖാദി ബോർഡിൽനിന്ന് മാറി സെറിഫെഡ്ഡിന്റെ കീഴിലാണെന്ന് പറഞ്ഞെങ്കിലും സെറിഫെഡ് ഉണ്ടായതുമില്ല, ഖാദി ബോർഡ് നോക്കിക്കൊണ്ടിരുന്നതും ഇല്ലാതായി. കഴിഞ്ഞ നാലുവർഷക്കാലമായി ഇവർക്ക് നേരത്തെ ചെയ്തുകൊണ്ടിരുന്ന ജോലിയുടെ വേതന കുടിശ്ശിക നൽകാനുണ്ട്. മനുഷ്യാവകാശ ലംഘനമാണ്. സാധാരണ മിനിമം കൂലി ഇവിടെ 500-600 രൂപയുണ്ട്. എന്നാൽ അവിടെ 200 രൂപയാണ് സ്ത്രീ തൊഴിലാളികൾ പണിയെടുത്താൽ കിട്ടുന്നത്. അതുപോലും നാലുവർഷക്കാലമായി കുടിശ്ശികയിലാണ്. സ്വന്തം കയ്യിലെ പൈസ മുടക്കിയാണ് തൊഴിലാളികൾ ഈ റീലിംഗ് യൂണിറ്റിൽ വന്നുപോയിക്കൊണ്ടിരിക്കുന്നത്. അതീവ ദയനീയമാണ്. കറണ്ട് ചാർജ് അടയ്ക്കാത്തതിന്റെ പേരിൽ കറണ്ട് കട്ട് ചെയ്തു. ഫാനില്ല, ഈ ചുട്ടുപൊള്ളുന്ന വെയിലത്ത് അവർ ഇരിക്കുകയാണ്. ഒരു ഗ്ലാസ് വെള്ളം കുടിക്കാൻപോലുമുള്ള സംവിധാനമില്ല. തികഞ്ഞ മനുഷ്യാവകാശ ലംഘനത്തിനാണ് അവർ വിധേയരായിക്കൊണ്ടിരിക്കുന്നത്. ഇവരുടെ കൂലി കുടിശ്ശിക കിട്ടണമെന്നും തൊഴിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട്

സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിതകാല നിരാഹര സമരം നടത്തിയപ്പോൾ അങ്ങും അങ്ങേയ്ക്കുമുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്തവരെല്ലാംകൂടി അവരെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ചില കാര്യങ്ങൾ പറഞ്ഞെങ്കിലും അതൊന്നും നടപ്പായില്ല. അങ്ങ് അവസാനമായി ഇടപെട്ട് ലൂട്രോൺസ് ഇലക്ട്രോണിക്സിന്റെ എം.ഡി. ശ്രീ. പത്മകുമാറിനെ ചുമതലപ്പെടുത്തി അവരെ പുനരധിവസിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ പറഞ്ഞുവെങ്കിലും അതും യഥാർത്ഥത്തിൽ ഇലക്ഷൻ വന്നതോടുകൂടി പെൻഡിംഗിലായി. മൾബറി കൃഷിയാണെങ്കിൽ ഗ്രാമവികസന വകുപ്പ് പഞ്ചായത്തുവഴിയാണ് നടത്തുന്നത്. അതും ഏതാണ്ട് പെൻഡിംഗിലാണ്. ഫലത്തിൽ ഇവർ ആത്മഹത്യയുടെ വക്കിലാണ്. അവിടെ അസറ്റ് ധാരാളമുണ്ട്. ആ അസറ്റ് എടുക്കുകയോ ലേലം ചെയ്തുകൊടുക്കുകയോ ചെയ്താൽ എത്ര കോടി രൂപ വേണമെങ്കിലും അവർക്ക് നൽകാൻ സാധിക്കും. ഒന്നുകിൽ മാന്യമായ വേതനവും കൂലി കുടിശ്ശികയും നൽകി അവരെ പിരിച്ചുവിടണം. സ്ത്രീ തൊഴിലാളികളെ കൂടുതൽ ദുരിതമനുഭവിക്കാൻ ഇടനൽകരുത്. അല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കാനും തൊഴിൽ ലഭിക്കാനുമുള്ള എന്തെങ്കിലും സംവിധാനം

ചെയ്യാൻ സാധിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മൾബറികൃഷി വ്യാപകമാക്കിയാലേ പട്ടുനൂൽ പുഴുക്കളെ വളർത്താൻ സാധിക്കുകയുള്ളൂ. അതിന്റെ കാലാവസ്ഥയല്ല കേരളത്തിലുള്ളത്. അതുകൊണ്ട് ഒരുതരത്തിലും പ്രായോഗികമല്ല. ഇപ്പോൾ നടക്കുന്നത് 42 തൊഴിലാളികൾ പണിയെടുക്കുന്ന ഈ നെയ്ത്തുരംഗമാണ്. ഇതിൽത്തന്നെ ഇപ്പോൾ മൂന്ന്, നാലുവർഷമായി പണി നടക്കുന്നില്ല. തൊഴിലാളികളോടുള്ള താൽപ്പര്യം വച്ചുകൊണ്ട് ബോണസ്സിന്റെ സമയത്ത് അവർക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ ജോലി ചെയ്യാതെ തന്നെ സാമ്പത്തിക സഹായം നൽകുകയാണ്. ഈ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഉദുമ സ്പിന്നിംഗ് മിൽ ഓപ്പൺ ചെയ്യുന്ന അവസരത്തിൽ 42 തൊഴിലാളികളെ അവിടത്തേയ്ക്ക് നിർദ്ദേശിച്ചാൽ അക്കോമഡേറ്റ് ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിച്ചപ്പോൾ അത് കഴിയാത്തതുകൊണ്ട് സാധിച്ചിട്ടില്ല. ഗവൺമെന്റ് ഈ കാര്യം വളരെ ഗൗരവത്തിൽ തന്നെ ചർച്ച ചെയ്ത് ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

പി-28-05-2019 എൻ.എൻ-വി.കെ-(2)
2.40-2.50

നിയമനിർമ്മാണകാര്യം

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ക്രമപ്രശ്നം)

പി-28-05-2019 എൻ.എൻ-വി.കെ-(2)
2.40-2.50

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്മേലുള്ള ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. മേൽപറഞ്ഞ ബിൽ പ്രകാരം പ്രവേശന മേൽനോട്ട സമിതിയും ഫീസ് നിയന്ത്രണ സമിതിയും രണ്ട് പ്രത്യേക സമിതികളായി രൂപവൽക്കരിക്കാനാണ് ബില്ലിൽ നിബന്ധന ചെയ്തിട്ടുള്ളത്. രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാർ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒർജിനൽ ബില്ലിൽ പ്രവേശനവും ഫീസും നിയന്ത്രണവും സമിതിയുടെ ചെയർപേഴ്സൺ സുപ്രീംകോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഈ ഭേദഗതി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ബിൽ പ്രാബല്യത്തിൽ കൊണ്ടുവന്നാൽ സഞ്ചിത നിധിയിൽ നിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. 2-11-2017-ലെ ഹൈക്കോടതി വിധിപ്രകാരം രണ്ട് പ്രത്യേക സമിതികൾ രൂപീകരിക്കണമെന്ന

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതികൾ കൊണ്ടുവന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാരായി നിയോഗിക്കുന്ന സാഹചര്യത്തിൽ അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി സഞ്ചിത നിധിയിൽ നിന്നും തുക ചെലവാകും. ഇക്കാര്യം മറച്ചുവച്ചാണ് ധനകാര്യ മെമ്മോറാണ്ടം നൽകിയിട്ടുള്ളത്. ഇത് നിയമസഭാ ചട്ടം - 73-ന്റെ ലംഘനമാണ്. ആയതിനാൽ ഈ ബിൽ കറക്ട് ചെയ്യാൻ അങ്ങ് റൂളിംഗ് നൽകണം.

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)

പി-28-05-2019
എൻ.എൻ-വി.കെ-(2)
2.40-2.50

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2-11-2017-ലെ ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാണ് പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രണ്ട് വ്യത്യസ്ത സമിതികൾ രൂപീകരിക്കുന്നതിനായി 2017-ലെ ആക്ടിൽ ഭേദഗതികൾ കൊണ്ടുവരാൻ

നിശ്ചയിച്ചിരിക്കുന്നത്. സമിതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതികളിലെ അദ്ധ്യക്ഷനായി നിശ്ചയിച്ചിട്ടുള്ളത് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജിയെ ആണ്. സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ആക്ടിലെ വ്യവസ്ഥകൾ നടത്തിപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് നീതിയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് രണ്ട് സമിതികളിലേയും അദ്ധ്യക്ഷനായി ഒരേ ജഡ്ജി തന്നെ ആയിരിക്കുന്നതായിരിക്കും അഭികാമ്യമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. 2006-ലെ ആക്ട് അനുസരിച്ചുള്ള രണ്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻ ഒരേ ആളായി പ്രവർത്തിച്ച അനുഭവമാണ് ഇവിടെയുള്ളത്.

(റൂളിംഗ്)

പി-28-05-2019 എൻ.എൻ-വി.കെ-(2)
2.40-2.50

<u>റൂളിംഗ്</u>

<u>പുതിയ ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്</u>

മി. സ്പീക്കർ: ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്നും മാതൃനിയമം ഭേദഗതി ചെയ്യുമ്പോൾ രണ്ട് സമിതികൾ രൂപീകരിക്കേണ്ടി വരുമെന്നും അതിനാൽ അധിക സാമ്പത്തിക ബാധ്യത വരുമെന്നും അക്കാരണം കൊണ്ടുതന്നെ ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കേണ്ടിവരുമെന്നുമാണ് ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നം. എന്നാൽ ഭേദഗതി ചെയ്യുന്നതോടുകൂടി രൂപീകരിക്കപ്പെടുന്ന രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാരായി ഒരേ ജഡ്ജിയെതന്നെ നിയോഗിക്കും എന്ന നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സർക്കാരിനുവേണ്ടി ഇവിടെ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അധികചെലവ് പ്രതീക്ഷിക്കുന്നില്ല എന്നാണ് മന്ത്രിയുടെ വിശദീകരണം. ഇതിനെ വിശദമായി പരിശോധിച്ചതിൽ ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നത്തിൽ അല്പം യുക്തിയുണ്ടെന്നാണ് ചെയറിന് തോന്നുന്നത്. ഗവൺമെന്റിന്റെ വിശദീകരണം തൃപ്തികരമാണെന്ന് കാണാൻ കഴിയില്ല. ഭേദഗതി ബില്ലിൽ രണ്ട് സമിതികളും രണ്ട് ചെയർമാന്മാരുമുണ്ടാകണമെന്നാണ് വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാർ

ഒരാളായിരിക്കുമെന്ന വ്യവസ്ഥ ബില്ലിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ രണ്ട് സമിതികളുടെയും പ്രവർത്തന ചെലവിനാവശ്യമായ തുക വകയിരുത്തേണ്ടി വരുമെന്നു തന്നെയാണ് സാധാരണ ഗതിയിൽ വിലയിരുത്താൻ കഴിയുക. അത്തരത്തിലുള്ള ഒരു ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്തുന്നതായിരിക്കും അഭികാമ്യമെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ക്രമപ്രശ്നത്തോട് ഉന്നയിക്കപ്പെട്ട കാര്യം വീണ്ടും പരിശോധനാവിധേയമാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ഈ ബിൽ അന്തിമമായി പാസ്സാക്കുന്ന തീയതിക്കുമുമ്പായി സഭയ്ക്ക് ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ബില്ല് അവതരിപ്പിച്ചിരിക്കുന്നു.

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)

പി-28-05-2019 എൻ.എൻ-വി.കെ-(2)
2.40-2.50

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള മെഡിക്കൽ

വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീമതി ഇ. എസ്. ബിജിമോൾ)

പി-28-05-2019 എൻ.എൻ-വി.കെ-(2)
2.40-2.50

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി (ശ്രീമതി ഇ. എസ്. ബിജിമോൾ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കഴിഞ്ഞ കാൽനൂറ്റാണ്ടായി കേരളം വളരെ ഗൗരവതരമായി ആവർത്തിച്ച് ചർച്ച ചെയ്യുന്ന വിഷയമാണ് മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ഗവൺമെന്റുകൾ മാറിമാറി വരുകയും മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങളിൽ ഗവൺമെന്റുകൾ പലരൂപത്തിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജിന് തുല്യമാണ് രണ്ട് പ്രൈവറ്റ് കോളേജുകളെന്ന് പറയുന്ന ആശയം നമ്മളാവർത്തിച്ച് നിയമസഭയ്ക്കുള്ളിലും പുറത്തും ഗൗരവതരമായി ചർച്ച ചെയ്തതാണ്. നിരവധി ഇടപെടലുകൾ ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. നടത്തിയിട്ടുള്ള ഇടപെടലുകളെ ഒന്നും മോശമെന്ന തരത്തിൽ നമുക്ക് പറയാൻ കഴിയില്ല. കാരണം എതിർഭാഗത്ത് നിൽക്കുന്നവർ പലതരത്തിൽ ശക്തന്മാരാണ്. അതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും ഗവൺമെന്റ് നടത്തുന്ന ഇടപെടലുകളെ പല രൂപത്തിൽ ചെറുത്തുതോൽപിക്കാനായിട്ട് അവർക്ക് കഴിയുന്നുണ്ട്. തന്നിഷ്ടപ്രകാരം സ്വകാര്യ മെഡിക്കൽ മാനേജ്മെന്റുകൾ നിലപാടെടുക്കുകയും ആ നിലപാടുകൾ നിരവധി കുഞ്ഞുങ്ങളുടെ ഭാവിയെ ബാധിക്കുകയും കുട്ടികളും രക്ഷകർത്താക്കളുമടക്കം

നിയമസഭയ്ക്കകത്തും പുറത്തുമൊക്കെയായി നടത്തിയിട്ടുള്ള ഇടപെടലുകളും നിരവധി തവണ വിദ്യാഭ്യാസം എങ്ങനെ മുന്നോട്ടുപോകുമെന്നറിയാതെ കുട്ടികൾ വലഞ്ഞുപോയ പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. ആ സന്ദർഭങ്ങളെയൊക്കെ അതിജീവിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസത്തിൽ ഇടപെടുന്നതിനും വേണ്ടിയാണ് 2017-ൽ കേരള മെഡിക്കൽ വിദ്യഭ്യാസവുമായി ബന്ധപ്പെട്ട് ഈ ബില്ല് പൈലറ്റ് ചെയ്തത്. ശുദ്ധമായ ഉദ്ദേശ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഇതിനകത്ത് എല്ലാതരത്തിലുമുള്ള ഇടപെടലുകൾ നടത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് നിയമസഭയ്ക്കകത്തും സബ്ജക്ട് കമ്മിറ്റിക്കകത്തും നിരവധി ചർച്ചകളുണ്ടായിട്ടുണ്ട്. ഓരോ ഘട്ടങ്ങളിലും വന്നിട്ടുള്ള ചർച്ചകളെടുത്ത് നോക്കുമ്പോഴും മെഡിക്കൽ വിദ്യാഭ്യാസത്തെ സ്പുടംചെയ്യുന്നതിനുവേണ്ടി അതിന്റെ കുറവുകളും കുറ്റങ്ങളും പരിഹരിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള എല്ലാ ഡിബേറ്റുകളും മെച്ചപ്പെട്ട നിലയിൽതന്നെയാണ് ഓരോ സന്ദർഭത്തിലും ഇതിനെ എത്തിച്ചിട്ടുള്ളത്. 2017-ലെ ബിൽ പാസ്സാക്കിയതിനുശേഷം അതിന്റെ നിർവ്വഹണഘട്ടത്തിൽ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടി

ഇരുപതോളം ഹർജികളാണ് കോടതിയ്ക്ക് മുമ്പിൽ എത്തിച്ചേർന്നത്. ഈ ഘട്ടത്തിലാണ് ബില്ലിന്റെ കുറവുകളെന്താണെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവതരമായ കോടതി ഇടപെടലുകളുണ്ടാകുകയും ഗവൺമെന്റിന്റെ നയമെന്താണെന്ന് ഗവൺമെന്റ് കോടതിയിൽ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ പറയാനുള്ളത് നമുക്ക് ആരോഗ്യനയമുണ്ട്, അതുപോലെ മെഡിക്കൽ വിദ്യാഭ്യാസനയം ഉണ്ടാകേണ്ടതുണ്ട്. ഡോക്ടർമാരുടെ മാത്രം പ്രശ്നമല്ല, പാരാമെഡിക്കൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങളുണ്ട്. കുട്ടികൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസിൽ കയറിയിറങ്ങി നടക്കുന്നുണ്ട്. പല കോഴ്സുകൾക്കും അംഗീകാരം കിട്ടാത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഓട്ടോണമസായി കൊടുക്കുന്ന ഡിഗ്രികൾക്ക്, മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഡിഗ്രികൾക്ക് തത്തുല്യ യോഗ്യതാപരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്. പി.എസ്.സി.-യുടെ നോട്ടിഫിക്കേഷൻ വരുമ്പോൾ അതിന്റെ വിജ്ഞാപനത്തിൽ ഇവർ പഠിച്ചിട്ടുള്ള കോഴ്സുകൾകൂടി അംഗീകരിക്കുന്നതിനുവേണ്ടി കുട്ടികളും

മാതാപിതാക്കളും നിരവധി വാതിലുകൾ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. പുതിയ ഡിഗ്രികൾ വരുമ്പോൾ പഴയ ഡിഗ്രികൾക്ക് അർഹിക്കുന്ന പ്രാധാന്യം ഇല്ലാതെ പോകുന്നതിന്റെ ഭാഗമായി B.Sc. M.L.T., ലാബ് ടെക്നീഷ്യൻ പോലെയുള്ള കോഴ്സുകൾ പാസ്സായി നില്ക്കുന്ന കുഞ്ഞുങ്ങളുടെ അവസരം നഷ്ടപ്പെട്ടുപോകുന്നതിന് ഇടയാകുന്നു.

(ശ്രീമതി ഇ. എസ്. ബിജിമോൾ തുടർച്ച.....)

P-28-05-2019
HR-VK
2:50-3:00

(ശ്രീമതി ഇ. എസ്. ബിജിമോൾ തുടർച്ച.....)

അങ്ങനെ നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ട്. ഡോക്ടർ ഓഫ് ഫാർമസി (Pharm. D) -യുമായി ബന്ധപ്പെട്ട് ഞാൻ തന്നെ നിയമസഭയിൽ ഒരു സബ്മിഷൻ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഡോക്ടർ ഓഫ് ഫാർമസി കോഴ്സിന് മറ്റ് രാജ്യങ്ങളിൽ കിട്ടുന്ന പ്രാധാന്യവും അംഗീകാരവും നമ്മുടെ സംസ്ഥാനത്ത് കൊടുക്കാൻ കഴിയുന്നില്ല. അവർ പഠിക്കുന്ന ആ കോഴ്സിന്റെ തീവ്രതയ്ക്കും സിലബസ്സിനും അനുസരിച്ചുള്ള ഒരു അംഗീകാരം നമ്മുടെ രജ്യത്ത് ലഭിക്കുന്നില്ല.

ഓരോ വിദ്യാർത്ഥികളും ലക്ഷങ്ങൾ മുടക്കിയാണ് ഈ കോഴ്സ് പാസ്സായി വരുന്നത്. എന്നാൽ ഈ നയത്തിന്റെ ഒരു അപര്യാപ്തത മൂലം വേണ്ടതുപോലെ നമുക്ക് ആ വിഷയങ്ങളിൽ ഇടപെടാൻ കഴിയാതെ പോകുന്നുണ്ട്. അന്ന് ആ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ നമുക്കതിനെ സംബന്ധിച്ച് പിന്നീട് ആലോചിക്കാം ഗവൺമെന്റിന്റെ പരിഗണനയിൽ ആ വിഷയമുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് അവസാനിപ്പിച്ചത്. മറ്റ് മേഖലകളിൽ നിന്നൊക്കെ വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആരോഗ്യകരമായ ഒരു സ്ഥിതി നിലനിർത്തുന്നതിന് എല്ലാ ഘട്ടങ്ങളിലും ഇടപെടലുണ്ടാകുന്നുണ്ട്. ഈ ഗവൺമെന്റിനും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനും കഴിഞ്ഞ മൂന്ന് വർഷത്തെ മെഡിക്കൽ രംഗത്തെ പ്രവർത്തനങ്ങളിൽ മാതൃകാപരമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന് പറ്റിയിട്ടുള്ള വീഴ്ചകളെന്ന് കോടതി സൂചിപ്പിച്ച കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ യഥാർത്ഥത്തിൽ ഇന്ന് പൈലറ്റ് ചെയ്യുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് പോയി തിരിച്ചുവരുമ്പോൾ സ്പീക്കറിവിടെ റൂൾ ചെയ്ത കാര്യങ്ങളടക്കം

ഉൾക്കൊള്ളിച്ചുകൊണ്ട് ഇതിനെ കുറ്റമറ്റതാക്കി മാറ്റാൻ കഴിയുമെന്ന വിശ്വാസമാണുള്ളത്. ഇപ്പോൾ നടത്തുന്ന ഇടപെടലുകളിലുണ്ടാകുന്ന കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിൽ വരുത്തുന്ന പരിഹാരം കൂടി ആകുമ്പോൾ ഈ ബിൽ കുറച്ചുകൂടി മെച്ചപ്പെട്ടതായി മാറും. അതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഒരു നയം കൊണ്ടുവരുന്നതിനുള്ള ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുപോലെ 8(1)(ബി) വകുപ്പുമായി ബന്ധപ്പെട്ട് രണ്ടു മൂന്ന് കാര്യങ്ങൾ കോടതി ചൂണ്ടിക്കാണിച്ചത് റെഗുലറൈസ് ചെയ്യാൻ വേണ്ടി നമ്മൾ ശ്രമിക്കുമ്പോൾ, ഒരു കാരണവശാലും ബി.പി.എൽ., എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടരുത്. അതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. സമ്പത്തില്ലാത്ത, പഠിക്കാൻ കഴിവുള്ള മിടുക്കരായിട്ടുള്ള കുഞ്ഞുങ്ങളെക്കൂടി സ്വകാര്യ കോളേജുകളുടെ സഹായത്തോടുകൂടി പഠിപ്പിക്കുന്നതിന് ഫീസ് നിർണ്ണയിക്കുന്ന സമിതി ഒരു ഗുഡ് സ്പിരിറ്റിലാണ് കാര്യങ്ങളിൽ ഇടപെട്ടിട്ടുള്ളത്. താൽക്കാലികമായി ഫീസ്

നിർണ്ണയിക്കുക, അതോടൊപ്പം തൊണ്ണൂറ് ദിവസത്തിനകം റെഗുലറൈസ് ചെയ്യുന്ന കാര്യങ്ങളിലൊക്കെ കോടതി ഒരു ഇടപെടൽ നടത്തി. നമ്മൾ പുതിയതായി അതിന്റെ സംവിധാനങ്ങൾ കൊണ്ടുവരുമ്പോൾ ഇപ്പോൾ നമ്മുടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്ന നല്ല സ്പിരിറ്റ് നിലനിർത്തിക്കൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട ചർച്ചകളുണ്ടാകണം. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവരുമ്പോൾ അതിന്റെ സ്പിരിറ്റ് നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുള്ള ഇടപെടലും ശ്രദ്ധയും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. കാരണം, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിലനിൽക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ ഫീസിൽ പഠിക്കാനുള്ള അവസരങ്ങൾ റെഗുലർ കോളേജിലെന്നതുപോലെ തന്നെ സ്വാശ്രയ കോളേജിലും ലഭ്യമാകുന്നുണ്ട്. എന്നാൽ ഏതെങ്കിലും കാലഘട്ടത്തിൽ അത്തരം അവസരങ്ങൾ കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായാൽ നമ്മൾ പത്തിരുപത്തിയഞ്ച് വർഷക്കാലം ആവർത്തിച്ച് ചർച്ച ചെയ്ത് കൊണ്ടുവരുമ്പോൾ അതിന്റെ യഥാർത്ഥ സ്പിരിറ്റ് നഷ്ടപ്പെട്ടുപോകുന്ന ഒരു സാഹചര്യവും ഉണ്ടാകരുത്. പത്ത്

പേരടങ്ങുന്ന ജമ്പോ കമ്മിറ്റിക്ക് പകരമായി രണ്ട് സമിതികൾ രൂപീകരിക്കുകയും മെച്ചപ്പെട്ട ഫീസ് നിയന്ത്രണ സമിതിയും അതോടൊപ്പം മേൽനോട്ട സമിതിയും രണ്ടും രണ്ടാക്കി അതിന്റെ പ്രവർത്തനങ്ങളുമായി പോകുമ്പോൾ, കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ എല്ലായിടത്തും ഉണ്ടാകണം. പല മെഡിക്കൽ കോളേജുകളിലും വേണ്ടത്ര സൗകര്യങ്ങളില്ല. വ്യത്യസ്തങ്ങളായി നിലനിൽക്കുന്ന മെഡിക്കൽ കോളേജുകളുണ്ട്. അവർക്കൊക്കെ എങ്ങനെയാണ് എം.സി.ഐ.-യുടെ അംഗീകാരം കിട്ടുന്നതെന്ന സന്ദേഹം പലപ്പോഴും കുട്ടികളുടെ ചർച്ചകളിൽ നിന്നും നമുക്ക് തോന്നിപ്പോകും. മേൽനോട്ട സമിതിയെപ്പോലും കബളിപ്പിച്ച് ഇവർ എങ്ങനെയാണ് ഈ അംഗീകാരമൊക്കെ നേടിയെടുക്കുന്നതെന്ന സംശയം നമുക്ക് തോന്നിപ്പോകും. സിലബസ് പൂർത്തീകരിക്കുന്ന കാര്യത്തിൽ, ഫീസ് ഘടനയുമായി ബന്ധപ്പെട്ട് നമ്മുടെ മേൽനോട്ട സമിതി നിർണ്ണയിച്ചുകൊടുക്കുന്ന ഫീസ് ഘടനയ്ക്ക് അപ്പുറത്തുനിന്നുകൊണ്ട് കുട്ടികളോട് പണം വാങ്ങുന്നതിന് മാനേജ്മെന്റ് എടുക്കുന്ന പല തന്ത്രപരമായിട്ടുള്ള സമീപനങ്ങളുമുണ്ട്. അത് പല രൂപത്തിലാണ്. എല്ലാം ഒറ്റ ഫീസ് ഘടനയിൽ ഉൾപ്പെടുത്തണം എന്ന്

പറയുമ്പോഴും, ആദ്യം അടയ്ക്കുന്ന ഫീസിനപ്പുറത്ത് മറ്റ് പല കാര്യങ്ങളും പറഞ്ഞ് മാതാപിതാക്കളോടും കുട്ടികളോടും ഫീസ് ഈടാക്കുന്ന നിലപാടിൽക്കൂടി ഫീസ് നിയന്ത്രണ സമിതിക്ക് ഇടപെടാൻ കഴിയണം. കാരണം പല രൂപത്തിലാണ് അവർ ഫീസ് ഈടാക്കുന്നത്. അതിൽ ഏറ്റവും പ്രധാനം, ഹോസ്റ്റൽ ഫീ, കുട്ടികളുടെ മറ്റ് ആക്ടിവിറ്റീസ് തുടങ്ങിയവയുമായിട്ടാണ് അമിതമായ ഫീസ് കുട്ടികളിൽ നിന്ന് ഈടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നത്. കുട്ടികളും മാതാപിതാക്കളും ഒരുപോലെ നിസ്സഹായരായിപ്പോകുന്ന സന്ദർഭങ്ങളാണിത്. ഒരു പക്ഷേ, റിട്ടൺ ആയിട്ടുള്ള പരാതികൾ ഇതുവരെ വരാത്തതുകൊണ്ടാകാം ഗവൺമെന്റിന് അക്കാര്യത്തിൽ ഇടപെടാൻ കഴിയാത്തതെന്ന് ഞാൻ വിചാരിക്കുന്നു. അത്തരം കാര്യങ്ങളിലേയ്ക്കുകൂടി മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വിശദമായ രണ്ട് പേജോളം വിവരങ്ങൾ ഇതിൽ വരുന്നുണ്ട്. പക്ഷേ, ആ സംവിധാനത്തിൽ എങ്ങുംതന്നെ കുട്ടികളേയും മാതാപിതാക്കളേയും ചൂഷണം ചെയ്യുന്നതിനുവേണ്ടി ഇവർ നടത്തുന്ന ഇത്തരം തന്ത്രപരമായ ഇടപെടലുകളെ സംബന്ധിച്ച് മേൽനോട്ട സമിതിയുടെ അധികാരങ്ങൾക്കകത്തും ചുമതലകൾക്കകത്തും വരാത്ത ഒരു

സാഹചര്യത്തിൽ, റദ്ദാക്കുന്നതിനുവേണ്ടിയും ഇടപെടുന്നതിനു വേണ്ടിയുമൊക്കെ വലിയ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. എങ്കിൽപ്പോലും ഇത്തരം കാര്യങ്ങൾ എങ്ങനെയാണ് ഇതിൽ ഉൾപ്പെടുത്താൻ കഴിയുക എന്നതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി ആലോചിക്കണമെന്ന് വിനീതമായി ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പം തന്നെ നമുക്ക് പ്രവേശന സമിതിയുടെ അധികാരങ്ങളും ചുമതലകളുമായി ബന്ധപ്പെട്ടുവരുന്ന നിർദ്ദേശങ്ങളിൽ, രണ്ട് സമിതികൾ ആകുമ്പോൾ കുറച്ചുകൂടി വിശാലമായി ഇവരുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്താനായി കഴിയും. അതിൽ മൈനോരിറ്റി വിഭാഗത്തിൽപ്പെട്ട ഒരു കുട്ടി സമയത്ത് അഡ്മിഷൻ എടുക്കുന്നില്ലെങ്കിൽ ആ സീറ്റ് വേക്കന്റായി കിടക്കുകയും അത് ഗവൺമെന്റിലേയ്ക്ക് പോകുകയും ചെയ്യും. പിന്നെ ഗവൺമെന്റിൽ നിന്നാണ് അലോട്ട്മെന്റ് വരേണ്ടത്. ആ കുട്ടിക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ അടിസ്ഥാനത്തിൽ പഠിക്കാം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിൽപ്പോലും ഏതെങ്കിലും സീറ്റുകൾ അത്തരത്തിൽ വന്നിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. ഇപ്പോൾ എൻട്രൻസ് കമ്മീഷണറെക്കൂടി ഇതിന്റെ എക്സ്-ഒഫിഷ്യോ മെമ്പർ ആക്കുമ്പോൾ ആ

പ്രശ്നത്തിൽ നമുക്ക് ഇടപെടാനായി കഴിയും. അലോട്ട്മെന്റ് കൊടുക്കുന്നത് എൻട്രൻസ് കമ്മീഷണർ ആണെങ്കിൽപ്പോലും എൻട്രൻസ് കമ്മീഷണർ പോലും അറിയാതെയാണ് ഇത്തരം കാര്യങ്ങളിൽ വലിയ കൃത്രിമങ്ങൾ നടക്കുന്നത്. സ്പോട്ട് അഡ്മിഷൻ എന്ന് പറഞ്ഞ് ആയിരക്കണക്കിന് കുട്ടികൾക്കാണ് കത്തയയ്ക്കുന്നത്. സ്പോട്ട് അഡ്മിഷനുവേണ്ടി അയയ്ക്കുന്ന കത്തുകളിൽ പലപ്പോഴും ഉണ്ടാകുന്ന പ്രശ്നം സമയബന്ധിതമായി കുട്ടികൾക്ക് അറിയാനായി കഴിയുന്നില്ല എന്നതാണ്. അറിഞ്ഞെത്തുന്ന ആളുകളിൽ പലർക്കും ഇവർ പറയുന്ന മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കാൻ കഴിയാതെ പോകുന്ന പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. സ്പോട്ട് അഡ്മിഷനിൽ ഒരു മൈനോരിറ്റി സീറ്റിനുവേണ്ടി അഞ്ഞൂറുപേരെയും ആയിരംപേരെയും വിളിച്ചുവരുത്തേണ്ട യാതൊരു കാര്യവുമില്ല. ഏതെങ്കിലും ഒരു സീറ്റിലെങ്കിലും തങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാണിക്കാൻ കഴിയും എന്നുണ്ടെങ്കിൽ അത്തരത്തിൽ കൃത്രിമം കാണിക്കുന്നതിനുവേണ്ടിയുള്ള ഒരു ജാഗ്രത പലപ്പോഴും ഇവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. അത് കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ചെറുതല്ല. ഏതെങ്കിലും ഒരു

കോഴ്സിൽ ചേർന്ന് പഠിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിക്ക് സ്പോട്ട് അഡ്മിഷന്റെ കോൾ വരുമ്പോൾ അഡ്മിഷൻ കിട്ടുമെന്ന പ്രതീക്ഷയിൽ പതിനായിരക്കണക്കിന് രൂപ ചെലവാക്കിയാണ് എത്തിച്ചേരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് പലപ്പോഴും ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. ഈയൊരു സാഹചര്യത്തിൽ, സ്പോട്ട് അഡ്മിഷന്റെ പേരിൽ മാനേജ്മെന്റുകൾ നടത്തുന്ന കൃത്രിമം, പ്രത്യേകിച്ച് അവർക്ക് കിട്ടുന്ന മൈനോരിറ്റി സീറ്റ്.....

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, വളരെയേറെ ആളുകൾക്ക് സ്പോട്ട് അഡ്മിഷന്റെ പേരിൽ അവർ വിളിച്ചുപറയുകയോ ചെറിയ സമയം കൊണ്ട് അറിയിപ്പ് കൊടുക്കുകയോ ചെയ്യും. അവിടെ വേക്കന്റ് ആകുന്ന സീറ്റ് ഒന്നോ രണ്ടോ ആയിരിക്കും. പക്ഷേ, ഇപ്പോൾ നിലനിൽക്കുന്ന നിയമമനുസരിച്ച് അവരെ അറിയിക്കരുത് എന്ന് പറയാൻ നമുക്ക് മാർഗ്ഗമില്ല. പക്ഷേ, അതിനൊരു മാനദണ്ഡം ഈ ബിൽ രൂപപ്പെടുത്തുന്ന സമയത്ത് നമ്മൾ കൃത്യതയോടുകൂടി ഉണ്ടാക്കിയെടുത്താൽ മാത്രമേ അത് പരിഹരിക്കാൻ

കഴിയുകയുള്ളൂ. ഒരു സീറ്റിനുവേണ്ടിയാണെങ്കിലും സ്പോട്ട് അഡ്മിഷനുവേണ്ടി വിളിക്കുമ്പോൾ മറ്റ് കുട്ടികളെ അറിയിക്കാതിരിക്കാൻ പറ്റില്ല. പക്ഷേ, പ്രയോജനമില്ലാതെ ധാരാളമാളുകൾ കാശ് മുടക്കി വരികയും അവർ വിഷമിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അതിനൊരു മാനദണ്ഡം രൂപപ്പെടുത്തി അത്തരത്തിലുള്ളവർക്ക് മാത്രം സ്പോട്ട് അഡ്മിഷനുവേണ്ടിയുള്ള നിർദ്ദേശവും അറിയിപ്പും കൊടുക്കാനായി ശ്രമിക്കണം. അതിനൊരു മാനദണ്ഡം ഈ ബില്ലിൽ കൊണ്ടുവരുന്നത് നന്നായിരിക്കും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ പറഞ്ഞത് ഒന്ന് ശ്രദ്ധിക്കണമെന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള ഒരു അഭ്യർത്ഥന. സബ്ജക്റ്റ് കമ്മിറ്റി കൂടുന്ന സമയത്ത് അതിൽ എങ്ങനെയാണ് ഇതിനൊരു പ്രൊവിഷൻ ചേർക്കാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കുന്നത് നന്നായിരിക്കും. അതോടൊപ്പം തന്നെ മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന വലിയ തട്ടിപ്പുകൾ ഇപ്രാവശ്യവും ആരംഭിച്ചിട്ടുണ്ട്. ഒരു വലിയ ഇടപെടൽ നടത്തുകയും ജാഗ്രത കാണിക്കുകയും ചെയ്തു എന്നുള്ളതുകൊണ്ട് ഈ വർഷം ഒരുപാടുപേർ അത്തരം

അബദ്ധങ്ങളിലേയ്ക്ക് പോയി ചാടിയിട്ടില്ല. കാരണം ഇക്കാര്യങ്ങളിൽ നമ്മൾ കുറേക്കൂടി തയ്യാറെടുപ്പ് നടത്തിയിരുന്നു. സമയബന്ധിതമായ ഒരു ഇടപെടൽ വകുപ്പിന് നടത്താനായി കഴിഞ്ഞു. മുൻ വർഷങ്ങളിലൊക്കെ ഉണ്ടായതുപോലെയുള്ള വിവാദങ്ങൾ ഉണ്ടാകാതെ നമുക്ക് നല്ലൊരു ജാഗ്രത കാണിക്കാനായി കഴിഞ്ഞു. കുറേക്കാര്യങ്ങളിൽ വകുപ്പ് അതിൽ മാതൃകാപരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പക്ഷേ, വലിയ ഏജന്റുമാരെ ഉപയോഗിച്ചുള്ള വലിയ തട്ടിപ്പുകൾ വീണ്ടും ശ്രദ്ധയിൽപ്പെട്ട് തുടങ്ങുന്നുണ്ട്. അത് ഗുണകരമാണെന്ന് നമുക്ക് ഒരിക്കലും പറയാൻ കഴിയില്ല. അതുകൊണ്ട് അന്യസംസ്ഥാന ലോബിയുമായി ബന്ധപ്പെട്ട് ഈ രംഗത്ത് നടക്കുന്ന..... എൻട്രൻസ് കമ്മീഷണർ ആണ് അലോട്ട്മെന്റ് കൊടുക്കുന്നതെങ്കിൽപ്പോലും ഇപ്പറയുന്ന പല ഓപ്ഷനുകളും ഉപയോഗിച്ചുകൊണ്ട് വീണ്ടും തലവരിപ്പണം വാങ്ങുന്നതിനും തട്ടിപ്പ് നടത്തുന്നതിനുമുള്ള വലിയ ശ്രമങ്ങൾ ഈ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുകയാണ്. രണ്ട് സമിതികളാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങളേയും അതോടൊപ്പം തന്നെ കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ള വിഷയങ്ങൾ

പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇതിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകളേയും നിലപാടുകളേയും ഈ അവസരത്തിൽ പ്രത്യേകമായി അംഗീകരിക്കുന്നു. വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഈ അവസരത്തിൽ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഈ വിഷയങ്ങളിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

(ശ്രീ. എ. പി. അനിൽ കുമാർ)

P-28.05.2019 VV-SP
3.00-3.10
RK

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

യഥാർത്ഥത്തിൽ ഈ ബിൽ ചർച്ച ചെയ്യുന്നതിൽ യാതൊരു പ്രസക്തിയുമില്ല എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരായിട്ടാണ് ഞാനും ശ്രീമതി ഇ. എസ്. ബിജിമോൾ

എം.എൽ.എ.യും ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. കാരണം ഒരു നിയമം കൊണ്ടുവരുമ്പോൾ അതിൽ അനുശാസിക്കുന്ന കാര്യങ്ങളും നിയമം സഭയിൽ അവതരിപ്പിക്കുമ്പോഴുണ്ടാകേണ്ട കാര്യങ്ങളും അതുമായി ബന്ധപ്പെട്ട് ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. ഉന്നയിച്ച ക്രമപ്രശ്നത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗും എത്രമാത്രം ഗൗരവമുള്ളതാണെന്ന് ഞാൻ സൂചിപ്പിക്കേണ്ട കാര്യമില്ല. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ചട്ടം 73-ൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമുണ്ട്. "73. ബില്ലിനോടൊപ്പം ധനകാര്യ മെമ്മോറാണ്ടം ഉണ്ടായിരിക്കണമെന്ന് - പണചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്." എന്ന് ചട്ടം 73-ൽ പറയുന്നുണ്ട്. അത് ഇല്ല എന്നതിന്റെ പേരിലാണ് യഥാർത്ഥത്തിൽ സ്പീക്കർ റൂളിംഗ് നൽകിയത്. പക്ഷേ അത് തെറ്റായിപ്പോയി. കാരണം ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നൽകിയ ക്രമപ്രശ്നം ശരിയാണ്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിലേക്കോ സെലക്ട് കമ്മിറ്റിയിലേക്കോ പോയി തിരിച്ചുവരുമ്പോൾ തെറ്റ് തിരുത്തണം. യഥാർത്ഥത്തിൽ ഞാൻ സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ നമ്മുടെ ചട്ടങ്ങൾക്കെതിരായിട്ടുള്ള

ഒന്നായി അതിനെ കാണാൻ കഴിയും. നമ്മുടെ നിയമസഭ മുന്നോട്ടുപോകുന്നത് അത്തരത്തിലുള്ള ചട്ടങ്ങളിൽക്കൂടി മാത്രമല്ല കീഴ്വഴക്കങ്ങളിൽക്കൂടിയാണ്. പക്ഷേ എനിക്ക് തോന്നുന്നത് അപൂർവ്വമായിട്ടാണെങ്കിൽപോലും ഇത്തരത്തിലുള്ള ഒരു കീഴ്വഴക്കം മുൻപ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കാരണം ബില്ല് അവതരിപ്പിക്കുന്ന കാര്യത്തിൽ ഇത്തരത്തിലുള്ള ഒരു വലിയ വീഴ്ച വന്നു കഴിഞ്ഞാൽ നിലവിലുള്ള ചട്ടം അനുസരിച്ച് സ്വാഭാവികമായും ബില്ലുകൾ പിൻവലിച്ച് തെറ്റ് തിരുത്തി വരികയാണ് വേണ്ടത്. പക്ഷേ നിർഭാഗ്യം എന്നുപറയട്ടെ വളരെ ഗൗരവതരമായ വീഴ്ചയാണ് ഈ ബില്ല് അവതരിപ്പിക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ളതെന്ന് പറയാതിരിക്കാൻ വയ്യ. ഇത്തരത്തിലുള്ള ഒരു പ്രധാനപ്പെട്ട ബില്ല് അവതരിപ്പിക്കുമ്പോൾ ഇങ്ങനെയൊരു വീഴ്ചയുണ്ടാകുന്നതിനെ എങ്ങനെയാണ് നമുക്ക് ന്യായീകരിക്കാൻ കഴിയുന്നത്? എത്ര ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. നിയമസഭ 2017-ൽ ഈ ബിൽ ചർച്ച ചെയ്തപ്പോൾ ഒരുമിച്ച് എടുത്ത തീരുമാനങ്ങളിൽ ഞങ്ങൾക്ക് വ്യത്യസ്ത നിലപാടും

കാഴ്ചപ്പാടുമുണ്ടായിരുന്നു. പക്ഷേ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രശ്നമാണെന്നുള്ളതുകൊണ്ട് ഞങ്ങൾ ആ നിയമത്തെ പിന്തുണച്ചു. അപ്പോഴും ഞങ്ങൾ പറഞ്ഞ ഒരു കാര്യമുണ്ട്. നിങ്ങൾ ഇപ്പോൾ ഞങ്ങളുടെ പിന്തുണയോടുകൂടി ബിൽ പാസ്സാക്കുകയാണെങ്കിലും ഇത് കോടതിയിൽ നിലനിൽക്കുന്ന ഒന്നല്ല എന്ന ഒരു വാദം പറഞ്ഞുകൊണ്ടാണ് ഞങ്ങൾ ഇത് അംഗീകരിച്ചത്. പക്ഷേ നിർഭാഗ്യം എന്നുപറയട്ടെ, ഏതാനും കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടും കുറേയേറെ കാര്യങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടും 2017-ൽ തന്നെ ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധി വന്നു. ഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യമുണ്ടാക്കിയത് അതാണ്. ഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ നിലവിലുള്ള 10 അംഗങ്ങളുള്ള സമിതി പോരെന്നും അത് രണ്ട് കമ്മിറ്റികളാക്കി മാറ്റി ആ രണ്ട് കമ്മിറ്റികൾക്കും പ്രത്യേക അധികാരങ്ങൾ കൊടുക്കണമെന്നും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യണമെന്നുമൊക്കെ 2017-ൽ ഉത്തരവ് വന്നതാണ്. പക്ഷേ നമുക്ക് ഒരു ഓർഡിനൻസ് പോലും കൊണ്ടുവരാൻ കഴിഞ്ഞില്ല. ഇലക്ഷനുമായി ബന്ധപ്പെട്ട് പരിപാടികളുണ്ടായിരുന്നതിനാൽ ഓർഡിനൻസ് കൊണ്ടുവരാൻ സാവകാശം

ലഭിച്ചില്ല എന്നുള്ള ഒരു ന്യായം പറയുന്നത് ശരിയല്ല. അതിനുമുൻപ് എത്രയോ സമയം കിട്ടി. ഓർഡിനൻസ് അല്ല നിയമം തന്നെ കൊണ്ടുവരാമായിരുന്നു. ഓർഡിനൻസിനെക്കുറിച്ച് സഭയിൽ പറയുന്നത് ശരിയല്ല. പക്ഷേ എന്തൊരു ലാഘവത്തോടുകൂടിയാണ് ഇത് എടുത്തത്. കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇങ്ങനെയാണോ കൈകാര്യം ചെയ്യേണ്ടത്; കേരളത്തിൽ ലക്ഷക്കണക്കിന് രക്ഷിതാക്കൾ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന കാര്യങ്ങളാണ്. ബില്ലുമായി ബന്ധപ്പെട്ട മറ്റ് ചർച്ചകളിലേയ്ക്ക് പോകുന്നതുതന്നെ എനിക്ക് അനൗചിത്യമായി തോന്നുന്നു. കാരണം ഒരു പ്രസക്തിയില്ലാത്ത കാര്യമാണത്. ചിലപ്പോൾ നമ്മുടെ സഭയുടെ ചരിത്രത്തിലാദ്യമായിട്ടായിരിക്കും ഇത്തരത്തിലൊരു ബില്ല് ചർച്ചയ്ക്ക് വരുന്നത്. ധനകാര്യ മെമ്മോറാണ്ടവുമായി ബന്ധപ്പെട്ട് അധിക ചെലവ് വരുന്നില്ലെന്ന് ന്യായം പറയുന്നത് രണ്ടു കമ്മിറ്റികളുടെയും ചെയർമാൻ ഒരാളായിരിക്കുന്നതുകൊണ്ടാണ്. പത്തംഗ കമ്മിറ്റിയാണ് നേരത്തെ ഉണ്ടായിരുന്നത്. ഹൈക്കോടതി അതിനെ രണ്ടംഗ കമ്മിറ്റിയാക്കി മാറ്റാൻ നിർദ്ദേശിച്ചു. എന്നാൽ ആ രണ്ട് കമ്മിറ്റിക്കും ഒരേ ചെയർമാനെ തന്നെ വയ്ക്കുമ്പോൾ പിന്നെ ഹൈക്കോടതി പറഞ്ഞതിൽ എന്ത്

ന്യായീകരണമാണുള്ളത്. മറ്റ് അംഗങ്ങളൊക്കെ ഏതാണ്ട് ഒരു പോലെയാണ്. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുപോലും ഗൗരവത്തിലെടുക്കാതെ ആ പത്തംഗ കമ്മിറ്റിയെ രണ്ടായി വിഭജിച്ച് ഒരു ചെയർമാനെ തന്നെ രണ്ട് കമ്മിറ്റിയിലും ചെയർമാനാക്കി. ഹൈക്കോടതി പറഞ്ഞതാണല്ലോ എന്നുകരുതി എങ്ങനെയെങ്കിലും ഒരു ഭേദഗതി വരുത്താമെന്ന് തീരുമാനിക്കുന്നത് ശരിയാണോ? വെക്കേഷൻ കഴിഞ്ഞ് ഹൈക്കോടതി തുറന്നുകഴിഞ്ഞാൽ വീണ്ടുമിത് കോടതിയുടെ പരിഗണനയ്ക്ക് പോകും. അപ്പോൾ എങ്ങനെ ഇത് നിലനിൽക്കും. ഒരു ഗവൺമെന്റ് ഇങ്ങനെയാണോ കാര്യങ്ങൾ കാണേണ്ടത്. ഞാൻ രാഷ്ട്രീയമായി വിമർശിക്കുകയല്ല. പക്ഷേ ഇതിനകത്ത് വലിയ വീഴ്ചയുണ്ടാകുന്നു. വളരെ ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ കാണേണ്ടിയിരിക്കുന്നു. കുട്ടികൾ കാര്യങ്ങൾ വേഗമാകാൻ ആഗ്രഹിക്കുമ്പോൾ ഗവൺമെന്റിന് ഇതിലൊക്കെ തീരുമാനമെടുക്കാൻ ഇത്ര സമയമെന്തിനാണ്? എങ്ങനെ ഇതിനെയൊക്കെ ന്യായീകരിക്കാൻ കഴിയും. ഇതൊക്കെ വേണമെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ പറയുന്ന കാര്യങ്ങളായതിനാൽ ഞങ്ങളുടെ എതിർപ്പായി നിങ്ങൾക്ക് കാണാം. ഞാൻ ആ

അർത്ഥത്തിലല്ല കാണുന്നത്. ഇതിനകത്ത് ചില കാര്യങ്ങളിൽ ഏത് ഗവൺമെന്റും കാണിക്കേണ്ട ചില ചട്ടുലതകളുണ്ട്. ഇത് ജനങ്ങളുടെ പ്രശ്നങ്ങളാണ്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളെ ഗൗരവപൂർവ്വം കണ്ട് നേരത്തെ കാര്യങ്ങൾ ചെയ്യണ്ടേ? പക്ഷേ വൈകി ചെയ്യുന്നു. വൈകി ചെയ്താലും കുറ്റമറ്റ രീതിയിൽ ചെയ്യണ്ടേ; ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇങ്ങനെയൊരു റൂളിംഗ് കൊടുക്കേണ്ടിവന്നു എന്ന് പറഞ്ഞുകഴിഞ്ഞാൽ അത് എങ്ങനെയാണ് ശരിയാകുന്നത്? ഈ നിയമവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ പോയാൽ ഈ ബില്ലിനെ എതിർക്കുവാനുള്ള കാരണം ഇത് മാത്രം പോരേ? ഇതിനകത്തുള്ള വ്യവസ്ഥകളുമായി ബന്ധപ്പെട്ട് മാനേജ്മെന്റിന് ഒരുപാട് തർക്കങ്ങൾ വരുമെന്ന് സ്വാഭാവികമായും ഗവൺമെന്റിന് അറിയാം. അങ്ങനെ മാനേജ്മെന്റ് തർക്കങ്ങളുമായി വരുമ്പോൾ ഇത്തരത്തിൽ ലാഘവത്തോടുകൂടി കാര്യങ്ങൾ കാണുന്നുവെന്ന് കഴിഞ്ഞാൽ വീണ്ടും നമുക്ക് ഇതേ ബില്ല് ഈ സഭയിൽ കൊണ്ടുവരേണ്ടി വരും. കാരണം വീണ്ടും ഇതിനകത്ത് ഭേദഗതികൾ കൊണ്ടുവരാനോ വിമർശനങ്ങൾ പറയുവാനോ ഉള്ള ഒരു അവസരം ഗവൺമെന്റ് തന്നെ ഹൈക്കോടതിക്ക്

ഒരുക്കിക്കൊടുക്കുന്ന സാഹചര്യമുണ്ടാകും. ഞാൻ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്ക് കൂടുതൽ പോകുന്നില്ല. പക്ഷേ ഏത് കാര്യങ്ങളിലും നമ്മൾ കോടതിയിൽ പരാജയപ്പെടുകയാണ്. മാനേജ്മെന്റുകളാണ് എല്ലാ കാര്യങ്ങളിലും വിജയിക്കുന്നത്. നമുക്ക് അറിയാം ഒരു കാലത്ത് സ്വാശ്രയ വിദ്യാഭ്യാസം കൊണ്ടുവന്നത് 50% പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം സൃഷ്ടിക്കാനാണ്. ഗവൺമെന്റ് കോളേജുകളിൽ ആവശ്യത്തിന് സീറ്റ് ഇല്ലാത്തതിനാൽ 50% സീറ്റ് സ്വാശ്രയ കോളേജുകളിൽ പാവപ്പെട്ട കുട്ടികൾക്ക് കിട്ടും എന്നൊക്കെയുള്ള വലിയ ആശയവുമായാണ് അത് നിലവിൽ വന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ ഒരു ലക്ഷത്തി എൺപത്തയ്യായിരം രൂപയായിരുന്നു 50% മെരിറ്റ് അടിസ്ഥാനത്തിൽ വരുന്ന കുട്ടികൾക്ക് ഫീസ് ഉണ്ടായിരുന്നത്. ഇപ്പോൾ എത്രയാണത്? രണ്ടര ലക്ഷം രൂപയാക്കി പിന്നീട് ഗവൺമെന്റ് അതിനെ ഉയർത്തി. പിന്നീട് കോടതി ഇടപെട്ട് അത് അഞ്ചര ലക്ഷം രൂപയാക്കി. അപ്പോൾ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരത്തിനുവേണ്ടി കൊണ്ടുവന്ന വലിയൊരു ആശയം അതിന്റെ ഫലം

കാണാതെ പോയി. ഒരു വർഷം അഞ്ചര ലക്ഷം രൂപ കൊടുത്ത് പഠിക്കുന്നവനെ ഇന്ന് കേരളത്തിൽ പാവപ്പെട്ടവന്റെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുമോ; ഇതൊക്കെ എങ്ങനെ സംഭവിക്കുന്നു? നമ്മുടെ ഉദ്ദേശം കോടതികളെ ബോധ്യപ്പെടുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല ഗവൺമെന്റ് ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നത്. നന്നായി പഠിച്ച് മാർക്ക് വാങ്ങിയാൽ പോരാ, മറിച്ച് അഞ്ചര ലക്ഷം രൂപ കൂടി കൊടുക്കാൻ കഴിഞ്ഞെങ്കിലേ ഇന്ന് ഇത്തരത്തിലുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കുകയുള്ളൂ. ആ രീതിയിലേക്ക് കാര്യങ്ങൾ മാറി. നമ്മുടെ ആശയം തന്നെ മാറി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നമ്മൾ കൊണ്ടുവന്നതും അതിലൂടെ കുട്ടികൾക്ക് അവസരം കൊടുത്തതിനുമൊക്കെ ഒരു ലക്ഷ്യം നമുക്കുണ്ടായിരുന്നു. പാവപ്പെട്ടവർക്ക് പഠിക്കാനുള്ള അവസരം, കൂടുതൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം, അന്യ സംസ്ഥാനങ്ങളിൽ പോയി കുട്ടികൾ പഠിക്കുന്നതിനുപകരം നമ്മുടെ സംസ്ഥാനങ്ങളിൽതന്നെ അവർക്ക് പഠിക്കാൻ അവസരം കൊടുക്കുന്ന സാഹചര്യം, ഈ ഒരു ആശയം തന്നെ ഇന്ന് തകർന്നു കഴിഞ്ഞിരിക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളൊന്നും സംസാരിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല.

പക്ഷേ ഈ ഒരു കാര്യത്തിൽ നമ്മുടെ ഗവൺമെന്റിന്റെ വീഴ്ച ഒരിക്കൽ കൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. അത് ഒരിക്കലും ഉണ്ടാകരുത്. എനിക്ക് പറയുവാനുള്ളത് അതാണ്. ഇത് ഒരു ലളിതമായ കാര്യമല്ല. ഈ ബില്ല് തയ്യാറാക്കുമ്പോൾ അറിയില്ലേ ഇതിനകത്ത് രണ്ട് ചെയർമാൻമാർ വരുമ്പോൾ.... രണ്ടിനുംകൂടി ഒരു കമ്മിറ്റി രൂപീകരിച്ചു കൊടുത്തതല്ലേ; അതല്ലേ ഹൈക്കോടതി തള്ളിയത്. എന്നിട്ട് രണ്ട് കമ്മിറ്റി ഉണ്ടാക്കുമ്പോൾ രണ്ട് കമ്മിറ്റിയുടെയും ചെയർമാൻ ഒരാൾ എന്ന് പറയുമ്പോൾ അത് ഈ സഭയെ പരിഹസിക്കുകയല്ലേ; ഹൈക്കോടതിയെ പരിഹസിക്കുകയല്ലേ; ഏത് ഉദ്യോഗസ്ഥന്മാരാണ് ഇത് ഉണ്ടാക്കിയത്; ഇത് ഗവൺമെന്റും ഉത്തരവാദിത്തപ്പെട്ട മന്ത്രിയും കണ്ടിട്ടാണല്ലോ ഇവിടെ വരുന്നത്; അവിടെ എവിടെയെങ്കിലും വച്ച് ആരെങ്കിലും ഇതൊന്ന് ചോദ്യം ചെയ്യുണ്ടേ? അല്ലെങ്കിൽ ഇതും കോടതിയിൽ പോയി അടുത്ത ദിവസം തള്ളിക്കളഞ്ഞ് വീണ്ടും ഒരു പുതിയ ഭേദഗതി കൊണ്ടുവരാനുള്ള അവസരം സൃഷ്ടിക്കലാകും. ഞാൻ സൂചിപ്പിക്കുന്നത് മെഡിക്കൽ വിദ്യാഭ്യാസം എന്നുപറയുന്നത് ഏറ്റവും ഗൗരവതരമായ കാര്യമാണ്. പിന്നെ ഇതിനകത്ത് എല്ലാ വ്യക്തമായ

നിർദ്ദേശങ്ങളും ഹൈക്കോടതി കൊടുത്തുകഴിഞ്ഞു. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യണമെന്നും പറഞ്ഞു. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഓരോ വർഷത്തിലും നവംബർ 15-ാം തീയതിക്ക് മുൻപ് എന്ന ഒരു തീയതി നിശ്ചയിച്ചിട്ട് ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു. ഞാൻ ചോദിക്കട്ടെ 2017-ലാണ് വിധി വന്നത്, ഇപ്പോൾ 2019 ആയില്ലേ; സമയബന്ധിതമായി എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ചെയ്തോ? ഗവൺമെന്റിനെ വിമർശിക്കാൻ വേണ്ടി പറയുകയല്ല. പക്ഷേ പറയേണ്ട കാര്യങ്ങൾ പറയാതെ പോകുന്നത് തെറ്റാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. വിധി വന്നിട്ട് ഏതാണ്ട് രണ്ട് വർഷമാകാൻ പോകുന്നു. ഇതിനിടയിൽ ഗവൺമെന്റ് ഹൈക്കോടതിയിൽ പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ എല്ലാത്തിനും പറയാനുള്ള മറുപടി, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നമുക്ക് നഷ്ടപ്പെട്ടത് മൂന്നോ നാലോ മാസങ്ങളാണ്. പക്ഷേ 2017-ൽ അല്ലേ ഹൈക്കോടതി നിർദ്ദേശം നൽകിയത്. 2019-ലെ നാല് മാസങ്ങൾ കുറച്ചാലും നിങ്ങൾക്ക് സമയമുണ്ടായിരുന്നല്ലോ;

അപ്പോൾ ഇതൊക്കെ ചെയ്യാൻ ഇത്രയും സമയം കിട്ടിയിട്ടും നിയമസഭയിൽ ബില്ല് കൊണ്ടുവരുമ്പോൾ ആ ബില്ലിനകത്തും ലാഘവത്തോടുകൂടി ഇത്തരം കാര്യങ്ങൾ കൊണ്ടുവരുന്നത് യഥാർത്ഥത്തിൽ വളരെ വേദനാജനകമായ കാര്യമാണ്. കേരളത്തിലെ രക്ഷിതാക്കളോടും കുട്ടികളോടും ഈ ഗവൺമെന്റ് കാണിക്കുന്ന അലംഭാവമാണ് ഇതെന്ന് മാത്രം ഞാൻ സൂചിപ്പിക്കുന്നു. ഞാൻ വേറെ രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ കിഫ്ബിയുമായി ബന്ധപ്പെട്ട് ഞങ്ങൾ ഒരു പുതിയ ഏജൻസിയുമായി പണം സ്വീകരിക്കുന്നതിനുമുൻപ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ബിർളയെ ക്ഷണിച്ചതിനെക്കുറിച്ച് പറഞ്ഞു. അങ്ങനെയാവരുത് ഇതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം നമുക്ക് കോഴിക്കോടുകാർക്കും മലപ്പുറംകാർക്കുമൊക്കെ അറിയാം, ബിർള ഇവിടെ മാവൂർ ഗ്വാളിയാർ റയോൺസിൽ വന്നതും ഒരു രൂപയ്ക്ക് മുള കൊടുക്കാൻ തീരുമാനിച്ചതും പിന്നീട് നമ്മുടെ കാടുകൾ ഇല്ലാതായതും ചാലിയാർ നശിച്ചതും മനുഷ്യർ കാൻസർ വന്ന് മരിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അത്തരത്തിലാകരുത് പുതിയ വികസനവും എന്ന ഒരു ആശയം മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ

ഭേദഗതി അവതരിപ്പിക്കുന്നു.

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)

പി.28.05.2019 ഡി.എസ്./എസ്.പി.
3.10-3.14

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇതിന്റെ വിശദമായ ചർച്ചയും മറുപടിയുമെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം ബിൽ തിരിച്ചുവരുമ്പോൾ ആകാം. ഇതിൽ ഒരു കാര്യം മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നോട്ട് ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി കൂടി അത്തരം കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാകും. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് വന്ന കാര്യത്തെക്കുറിച്ചുമെല്ലാംതന്നെ ഉൾക്കൊണ്ടുകൊണ്ട് കാര്യങ്ങൾ ചെയ്യാം. ഒരു കാര്യം മാത്രം ഞാൻ പറയുന്നു, എത്രയോ വർഷങ്ങളായി ഈ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അഡ്മിഷനും അതിന്റെ കാര്യങ്ങളും കുഴഞ്ഞുമറിഞ്ഞ് കിടക്കുന്ന ഒരവസ്ഥ കേരളത്തിലുണ്ടായിരുന്നു. വമ്പിച്ച തോതിലുള്ള ചൂഷണമാണുണ്ടായിട്ടുള്ളത്. കോടിക്കണക്കിന് രൂപ

ക്യാപിറ്റേഷൻ ഫീ വാങ്ങുന്നതിനുമൊക്കെയായിട്ടുള്ള ഒരു സംവിധാനമാണ് ഇവിടെയുണ്ടായിരുന്നത്. എന്നാൽ ഇന്ന് മറ്റ് സംസ്ഥാനങ്ങളടക്കം കേരളത്തെ വളരെ ആകാംക്ഷയോടും പ്രശംസയോടുംകൂടി നോക്കികാണുന്ന ഒരു വിഷയമാണ് ഇത്. ഈ പ്രശ്നങ്ങളൊക്കെ പരിഹരിച്ച് നിയതമായിട്ടുള്ള ഒരു രീതി ഈ മേഖലയിൽ കൊണ്ടുവരാൻ സാധിച്ചിരിക്കുന്നു, അതിനുള്ള നിയമനിർമ്മാണം നമ്മൾ നടത്തിയിരിക്കുന്നു. ഇപ്പോൾ 2006-ലെ മാതൃ ആക്ട് നിലവിലുണ്ട്. ആ ആക്ടിന്റെ വ്യവസ്ഥകളും ഇപ്പോൾ തന്നെ പ്രാബല്യത്തിലുള്ളതാണ്. അതെല്ലാം വച്ചിട്ടാണ് ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ ഒരു ചെറിയ സംശയം വന്നിരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. അതുകൊണ്ട് അതൊരു വലിയ അപരാധമായിട്ടല്ല കാണുന്നത്. റൂളിംഗ് അനുസരിച്ച് നമുക്ക് കാര്യങ്ങൾ ചെയ്യാവുന്നതാണ്. മറ്റ് കാര്യങ്ങൾ ഞാൻ പറഞ്ഞു, ഏറ്റവും ഭംഗിയായി ഇപ്പോൾ അലോട്ട്മെന്റും അഡ്മിഷനുമൊക്കെ നടക്കുന്നു. ക്യാപിറ്റേഷൻ ഫീ പൂർണ്ണമായി ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ചൂഷണം പൂർണ്ണമായി ഒഴിവാക്കുക എന്നുള്ളതാണ്

ഗവൺമെന്റിന്റെ ആഗ്രഹം. നിയമനിർമ്മാണമെല്ലാം കൂടി വരുമ്പോൾ കൂടുതൽ നല്ല രീതി ഈ മേഖലകളിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്ന പ്രതീക്ഷ തന്നെയാണ് ഈ ഗവൺമെന്റിനുള്ളത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് തിരിച്ചുവരുന്നതിനനുസരിച്ച് കൂടുതൽ ചർച്ചയാകാം.

(മി. ഡെപ്യൂട്ടി സ്പീക്കർ)

പി.28.05.2019
ഡി.എസ്./എസ്.പി.
3.10-3.14

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതാണ്.

(2019 മേയ് 29-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.)

******